6783

402

നോവൽസംഗ്രഹം നമ്പർ–3

# കുലസ്ത്രീ

ISLAM HIGH SCHOOL

സംസ്ഥാന വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ട്

തിരുവനന്തപുരം

1978

നോവൽസംഗ്രഹം നമ്പർ-3

ബങ്കിംചന്ദ്രചാറ്റർജിയുടെ

# കുലസ്ത്രീ

( നോവൽ സംഗ്രഹം )

ISLAM HIGH SCHOOL
ERNAKULAM

(സംസ്ഥാനവിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ
ശ്രീ കെ. പി. രാഘവൻ
തയ്യാറാക്കിയത്.)

(C)

സംസ്ഥാന വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം
1978

# കുലസ്ത്രീ

## ഒന്നു്

മഹേശപുരത്തിലെ ധനികനായ ഹരമോഹനദത്തൻെറ മകളാണു് ഞാൻ. എൻെറ വിവാഹം ഒരു മഹോത്സവമായിരുന്നു. രാജകീയമായ സകല സന്നാഹങ്ങളും അവിടെയുണ്ടായിരുന്നു. നാൽപതു നാഴിക അകലെയുള്ള സുന്ദരപുരത്തിലെ ഉപേന്ദ്രബാബുവായിരുന്നു വരൻ. വർഷങ്ങൾ പലതു കഴിഞ്ഞിട്ടും, പ്രഭുപുത്രിയായിപ്പോയി എന്ന കാരണംകൊണ്ടു എനിക്കു ഭർതൃഗൃഹത്തിൽ പ്രവേശിക്കാനുള്ള ഭാഗ്യം സിദ്ധിച്ചില്ല. നല്ല ദിവസം നോക്കി ശ്വശുരൻ എന്നെ അങ്ങോട്ടു കൊണ്ടുപോകുവാൻ മോഹിച്ചു്. ആ വിവരം കുറിച്ചുകൊണ്ടു് അദ്ദേഹം ഒരാളെ എൻെറ അച്ഛൻെറ അടുത്തേക്കയക്കുകയും ചെയ്തു.

"ജാമാതാവിന്നു സാമ്പത്തികമായ ശേഷി ഉണ്ടാകട്ടെ. എന്നിട്ടുമതി പെണ്ണിനെ കൂട്ടിക്കൊണ്ടു പോകുന്നതു്. ഇന്നത്തെ സ്ഥിതിയിൽ നിങ്ങളുടെ ഗൃഹത്തിലേയ്ക്കു എൻെറ മകളെ അയക്കാൻ മനസ്സില്ല" എന്നുപറഞ്ഞു് അച്ഛൻ സന്ദേശവാഹകനെ തിരിച്ചയച്ചു.

അതു കേട്ടപ്പോൾ എൻെറ ഭർത്താവിൻെറ ഹൃദയം വളരെ വേദനിച്ചിരിക്കണം. കുടുംബസംരക്ഷണത്തിനായി

തൊഴിൽചെയ്തു ധനം സമാർജ്ജിക്കണമെന്നു അദ്ദേഹം ദൃഢപ്രതിജ്ഞ ചെയ്തു. അക്കാലത്തു തീവണ്ടിയോ ബസ്സോ അതുപോലുള്ള വാഹനങ്ങളോ ചുരുക്കമായിരുന്നു. എന്നിട്ടും എന്റെ പ്രിയതമൻ ഒരു സാഹസികയാത്രയാരംഭിച്ചു. വഴിച്ചെലവിന്നു പണമില്ലായിരുന്നു കാൽനടയായി വേണമായിരുന്നു യാത്ര. കർമ്മശൂരനായ ആ യുവാവ് അർദ്ധപ്രാണനായി നടന്നലഞ്ഞു ബോംബെയിലെത്തിച്ചേർന്നു. അദ്ദേഹം പല വാതിലുകളിലും ചെന്നു മുട്ടി; ഒടുവിൽ ഒരിടം തുറന്നുകിട്ടി എന്റെ പ്രിയതമന്ന് അവിടെ ഒരുദ്യോഗം ലഭിച്ചു. വീട്ടു ചെലവുകൾക്കു പണമയച്ചു തുടങ്ങി. ഏഴെട്ടുവർഷം അങ്ങനെ കടന്നുപോയി. അദ്ദേഹം സ്വദേശത്തെയ്ക്കു വരികയോ എന്നെപ്പറ്റി അന്വേഷിക്കയോ ചെയ്തില്ല. വിരഹതാപംകൊണ്ടു ഞാൻ നാൾക്കുനാൾ ക്ഷീണിച്ചുവന്നു.

ഹാ! എന്തൊരു ശക്തിയാണ് ധനമോഹത്തിന്ന്! ജീവിതസർവ്വസ്വമായ എന്നെയും മഹത്തായ മനുഷ്യജന്മത്തെയും വിസ്മരിച്ചു കൊണ്ടാണല്ലോ അദ്ദേഹം സമ്പത്തു സംഭരിക്കുന്നത്. അച്ഛനാണെങ്കിൽ എന്റെ സൌഖ്യത്തെക്കാൾ വലുതു പണമാണ്. ആളിക്കത്തുന്ന തീയിൽപ്പെട്ട ശലഭത്തെപ്പോലെ ഞാൻ വിരഹതാപാഗ്നിയിൽ കിടന്നു പൊരിഞ്ഞു. ഒരു ദിവസം ഞാൻ അമ്മയോടു ചോദിച്ചു. "അമ്മേ, പണത്തിന്റെ പുറത്തു കിടന്നാൽ എനിക്കു സുഖനിദ്ര ലഭിക്കുമെന്നു അമ്മയ്ക്കു തോന്നുന്നുണ്ടോ?"

എന്റെ ചോദ്യം അമ്മയെ പരിഭ്രമിപ്പിച്ചു. അവർ എന്റെ മുഖത്തുനിന്നു എന്റെ മനോഗതം വായിച്ചു മനസ്സിലാക്കാൻ സാധിച്ചു.

ആയിടയ്ക്ക് എന്റെ ആത്മവല്ലഭൻ ഒരു മഹാധനികനായി സ്വഗൃഹത്തിൽ തിരിച്ചെത്തി.

"താങ്കളുടെ അനുഗ്രഹത്താൽ ഉപേന്ദ്രൻ കുടുംബരക്ഷ യ്ക്കാവശ്യമായ സമ്പത്തു സമാർജ്ജിച്ചിരിക്കുന്നു. അതി നാൽ എന്റെ പുത്രവധുവിനെ ഉടനെ അയക്കണം. അല്ലാത്ത പക്ഷം അവനെക്കൊണ്ടു വേറെ വിവാഹം കഴിപ്പിക്കേണ്ടി വരും. പല്ലക്കയയ്ക്കുന്നു." ഇങ്ങനെയൊരു സന്ദേശം എന്റെ ശ്വശുരനിൽ നിന്നു പിതാവിന്നു ലഭിച്ചു.

വെള്ളി കെട്ടിയ തണ്ടുകളോടു കൂടിയ പല്ലക്ക്. കൂട്ടി നൊരു വേലക്കാരി. അംഗരക്ഷയ്ക്ക് തടിമിടുക്കുള്ള ഭോജ് പുരിലെ നാലു ശിപ്പായികൾ. വേലക്കാരിയുടെ ആടയാ ഭരണങ്ങൾപോലും വിലപിടിച്ചതായിരുന്നു. ഇതെല്ലാം കണ്ടപ്പോൾ, തന്റെ ജാമാതാവ് ഒരു വലിയ ധനികനായി ത്തീർന്നിട്ടുണ്ടെന്ന് എന്റെ പിതാവിന്നു ബോദ്ധ്യമായി. അടുത്ത പ്രഭാതത്തിൽ വളരെ സന്തോഷത്തോടെ അച്ഛൻ എന്നോടിങ്ങനെ പറഞ്ഞു.

"മകളേ, ഇനി നിന്നെ ഇവിടെ താമസിപ്പിക്കുന്നതു ശരി യല്ല. നീ ഭർത്തൃഗൃഹത്തിൽ പോയി സുഖമായി വാഴുക. സർവമംഗളങ്ങളും നിനക്കുണ്ടാകട്ടെ."

ഇതു കേട്ടപ്പോൾ ഒരു നവജന്മം കൈവന്നതുപോലെ എന്റെ ഹൃദയം ആഹ്ലാദഭരിതമായി. ശരീരം പുളകം കൊ ണ്ടു. ആനന്ദാശ്രുക്കൾ നിറഞ്ഞു. മനസ്സിൽ മധുരചിന്തകൾ മൊട്ടിട്ടു. ആത്മവല്ലഭന്റെ സാമീപ്യത്തെപ്പററിയുള്ള ലോല ചിന്തയാൽ ഞാൻ അതീവ സന്തുഷ്ടയായി.

ഭർത്തൃമന്ദിരത്തിലേയ്ക്കു പോകാനുള്ള ഒരുക്കങ്ങൾ ചെ യ്തുതുടങ്ങി. എന്റെ കുനുകുന്തളം ചീകി സുഗന്ധദ്രവ്യ ങ്ങൾ പൂശി മനോഹരമായി കെട്ടിയശേഷം മുല്ലമാലകൾ ചൂടിച്ചു. അമ്മയ്ക്കു എന്നെ ഒരപ്സരസിനെപ്പോലെ

ചമയിച്ചയക്കണമെന്നായിരുന്നു മോഹം. അവർ അതു പറയുകയും ചെയ്തു.

"സൌന്ദര്യത്തിൽ കാമസദൃശനും സൌശീല്യത്തിൽ രാമസന്നിഭനുമായ ഉപേന്ദ്രനിന്നു കുബേരതുല്യനാണ്. നീ എത്രത്തോളം സർവാലംകാരഭൂഷിതയായിരിക്കുന്നുവോ അത്രത്തോളം അവന്റെ സംതൃപ്തിയും സന്തോഷവും വർദ്ധിക്കും. അതുകൊണ്ടാണു മകളേ, നിന്നെ ഇത്രയേറെ അണിയിച്ചൊരുക്കുന്നത്."

അമ്മ ഇതു പറഞ്ഞപ്പോൾ എന്റെ ചിന്ത പാഞ്ഞുപോയതു മറെറാരു വഴിക്കായിരുന്നു.

"എന്നെ എത്രതന്നെ മോടി പിടിപ്പിച്ചാലും, രാത്രി എട്ടൊൻപതു മണി കഴിഞ്ഞല്ലാതെ ഭർത്തൃഗൃഹത്തിലെത്തുകയില്ല. അപ്പോഴേക്ക് എല്ലാം വികൃതമാകും. തലമുടി കാററിൽ പറക്കും; ശരീരം തളരും; മുഖം വാടും; പൂക്കൾ കരിയും. അപ്പോഴുണ്ടോ ആത്മനാഥന് എന്റെ സുന്ദരവദനവും കോമളകളേബരവും കാണാൻ സാധിക്കുന്നു? നാൽപതു നാഴിക സഞ്ചരിക്കാനിരിക്കുന്നു!" ഇതെല്ലാമോർത്തപ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞു. എന്നെ യാത്രയാക്കാൻ തടിച്ചുകൂടിയവർക്കിടയിൽ നിന്ന് എന്റെ കൊച്ചനുജത്തി കാമിനി ചോദിച്ചു.

"ചേച്ചി! ഇനി എപ്പോൾ തിരിച്ചുവരും?"

ഞാൻ പല്ലക്കിൽ കയറാൻ ഭാവിക്കുകയായിരുന്നു. ഭർത്തൃഗൃഹത്തിലേയ്ക്കു പോകുന്ന ഒരു യുവതി ഇത്തരം ചോദ്യങ്ങൾക്കു ഒരു ബാലികയോട് എന്താണ് മറുപടി പറയുക? ഞാൻ അവളുടെ കവിളിൽ പതുക്കെ സ്പർശിച്ചു ചേട്ടന്റെ വീടിനെപ്പററിയായി അടുത്ത ചോദ്യം.

അമാവാസിനാളിൽ പോലും രാകേന്ദുവിന്റെ പാലൊളി അവിടെ പരന്നിരിക്കുമെന്നു ഞാൻ പറഞ്ഞപ്പോൾ, "ചേച്ചിയുടെ മഹാഭാഗ്യം" എന്നു പറഞ്ഞു മന്ദഹസിച്ചുകൊണ്ടു പല്ലക്കിനടുത്തുനിന്നു അവൾ അകലെ മാറി.

എല്ലാററിനേയും തൊട്ടുണർത്തുന്ന ഉഷഃ സന്ധ്യയുടെ കിരണങ്ങളേററപ്പോൾ അമാലൻമാർ പല്ലക്കു ചുമന്നു യാത്ര യാരംഭിച്ചു.

## രണ്ട്

അന്നെനിയ്ക്കു പത്തൊൻപതുവയസ്സു പ്രായമായിരുന്നു. ഭർത്തൃഗൃഹത്തിലേയ്ക്കു ആദ്യമായി പോവുകയാണ്. പല്ലക്ക് ചുമക്കാൻ അച്ഛൻ പതിനാറുപേരെ നിയോഗിച്ചു. കരുത്തും ധൈര്യവുമുള്ള പതിനാറു പേർ. വഴിക്കുവച്ചു അവരിലൊരുവൻ ജോജ്പൂരിലെ ശിപായികളോട് ഇങ്ങനെ പറയുന്നതുകേട്ടു.

“നമുക്കു കരിങ്കുളം കടന്നുവേണം സുന്ദരപുരത്തിലേക്കു പോകാൻ. ആഴംകൂടിയൊരു തടാകമാണത്. ഒരു നാഴിക നീളം കാണും. കരയിൽ ഇടതിങ്ങി നിൽക്കുന്ന മരങ്ങളാണ്. നടന്നുപോകേണ്ടത് ഒററയടിപ്പാതയിൽക്കൂടിയാണ്. വൃക്ഷനിബിഡമായ അവിടെ നട്ടുച്ചനേരത്തും പ്രകാശം കടന്നുചെല്ലുകയില്ല.”

അതു കേട്ട മറെറാരുവൻ ഇങ്ങനെ തുടർന്നു:

“അവിടെ സ്ഥിരവാസമുറപ്പിച്ചിരിക്കുന്ന കൊള്ളക്കാരെയാണ് ഭയപ്പെടേണ്ടത്. പകൽസമയത്തുപോലും കവർച്ച നടത്തുന്നതിന്ന് അവർക്കൊരു മടിയുമില്ല.”

എനിയ്ക്കു വല്ലാതെ ഭയം തോന്നി. വിലപിടിച്ച വസ്ത്രങ്ങളും ആഭരണങ്ങളും നഷ്ടപ്പെട്ടേക്കാം. ചിലപ്പോൾ അവർ മാനഭംഗപ്പെടുത്താനും മതി. അതോർത്തപ്പോൾ ഞാൻ നടുങ്ങിപ്പോയി. ആ നടുക്കത്തിൽ പ്രകൃതിയും എന്നോടൊപ്പം പങ്കുചേർന്നതുപോലെ തോന്നി. വൃക്ഷങ്ങൾ ചലിക്കുന്നില്ല, ലതകൾ ഇളകുന്നില്ല പക്ഷികളുടെയോ മൃഗങ്ങളുടെയോ ശബ്ദം കേൾക്കാനുമില്ല.

എന്നാൽ ഭോജപുരികാരായ ശിപായിമാരിൽ ഒരാൾ മററെല്ലാവർക്കും ധൈര്യം നൽകി.

"കൊള്ളക്കാർ വരട്ടെ. അവരെയെല്ലാം കൊന്നൊടുക്കാൻ നമ്മൾ മതിയാകും."

എല്ലാവരും അതു ശരിവച്ചു. ഭോജപുരിലെ ശിപായികൾ നാലുപേരും നല്ല യോദ്ധാക്കളായിരുന്നു; ദൃഢഗാത്രരുമായിരുന്നു. പോരാത്തതിന്നു പല്ലക്കു ചുമക്കുന്നവർ കല്ലിൽ കടഞ്ഞെടുത്തതുപോലെ ആകാരഭംഗിയുള്ള മല്ലൻമാരായിരുന്നു.

മണി രണ്ടുകഴിഞ്ഞു. അംഗരക്ഷകൻമാർ ഭക്ഷണം കഴിക്കാൻ തിരക്കുകൂട്ടി. ശിപായിമാർ നാലുപേരും തടസ്സം പറഞ്ഞു. "ഈ ദുർഘട സ്ഥാനമൊന്നു കഴിഞ്ഞോട്ടെ." എന്നാൽ സംഖ്യാബലമുള്ളതുകൊണ്ടു പല്ലക്കുചുമക്കുന്നവരുടെ അഭിപ്രായമാണ് വിജയിച്ചത്. ഒരു കൊന്നമരച്ചുവട്ടിൽ പല്ലക്കിറക്കി, ചുമട്ടുകാർ വിയർപ്പിൽ കുളിച്ചിരുന്നു. അവർ നന്നേ ക്ഷീണിച്ചിട്ടുണ്ട്. അൽപം അകലെ ഒരു പരന്ന പാറയിൽ അവർ ഇരിപ്പുറപ്പിച്ചു. പൊതിച്ചോറഴിച്ചുവച്ചു ഭക്ഷണം കഴിച്ചുതുടങ്ങി. സുന്ദരപുരത്തുനിന്നു വന്ന വേലക്കാരിയും അവരോടൊപ്പം പോയിരിക്കയാണ്. ജീവസന്ധാരണത്തിന്നു മനുഷ്യൻ അനുഭവിക്കേണ്ടിവരുന്ന ക്ലേശങ്ങളെപ്പററി ചിന്തിച്ചുകൊണ്ട്, എന്നാൽ കഴിയുംവേഗം ഭർത്തൃഗൃഹത്തിലെത്താൻ കൊതിപൂണ്ട്, അസ്വസ്ഥയായി ഞാൻ പല്ലക്കിലിരുന്നു. അറിയാതെ എന്റെ കണ്ണുകൾ തടാകത്തിൽ പതിഞ്ഞു. അതാ ഒന്നിനു പിറകെ മറെറാന്നായി ഓളങ്ങൾ ഉയരുന്നു. ദൂരെനിന്നും ഓടിവന്ന് അവ എന്നോടെന്തോ മന്ത്രിക്കുന്നതുപോലെ തോന്നി. അവിടെ വളർന്നുനിൽക്കുന്ന പുല്ലിനും തളിരണിഞ്ഞ

കൊന്നമരങ്ങൾക്കും പ്രത്യേക സൌന്ദര്യമുണ്ടായിരുന്നു. ഞാൻ ചിന്തയിൽ നിന്നുണർന്നതു എന്നെ അകമ്പടി സേവിച്ചിരുന്നവർ തടാകത്തിലിറങ്ങി കുളി തുടങ്ങിയപ്പോഴാണ്. ജലകളും താമരപ്പൂവുകളും അലകളിലിളകിക്കൊണ്ടിരുന്നു. ഞാൻ പല്ലക്കിന്റെ വെളിയട അൽപം നീക്കി അവരെ നോക്കി. ആഹ്ലാദത്തിമർപ്പോടെ നീന്തിത്തുടിക്കുന്ന അവരെക്കണ്ടപ്പോൾ എനിക്ക് അസഹ്യമായ കോപം തോന്നി. എന്നെ തനിച്ചിരുത്തിക്കൊണ്ടാണല്ലോ ഇവരുടെ ഈ കൂത്തുകൾ. ഉന്നതകുലജാതയായ ഒരുവൾ വഴിക്കുവച്ചു മററുള്ളവരെ വിളിക്കരുതല്ലോ. ഞാനെന്റെ കോപവും ഭയവും പരിഭ്രമവും എല്ലാം അടക്കിവച്ചു.

ആ സമയത്തു പല്ലക്കിനടുത്തു തൊട്ടു മുമ്പിൽ തന്നെ ആരുടെയോ കാലൊച്ച കേൾക്കായി. ഞാൻ ആ ഭാഗത്തു നോക്കി. ചുടലമാടനെപ്പോലൊരു ഭയങ്കരസ്വരൂപം മുന്നിൽ നില്ക്കുന്നതു കണ്ടു. ഞാൻ ഞെട്ടിത്തെറിച്ചതും തിരശ്ശീല നിവർത്തിയതും ഒപ്പമായിരുന്നു. കാററിൽപ്പെട്ട കരിയിലപോലെ എന്റെ ശരീരം വിറകൊണ്ടു. മറകൾ നീക്കാൻ ഭാവിക്കവേ എതിർഭാഗത്തും ഒരാൾ നില്ക്കുന്നതു കണ്ടു. കാലൊച്ചകൾ! ചുററും കലൊച്ചകൾ! ഒന്നും കാണാനും കേൾക്കാനും സാധിച്ചില്ല. അപ്പോഴേക്കു പല്ലക്കുയർന്നു കഴിഞ്ഞിരുന്നു കുറെ ആളുകൾകൂടി പല്ലക്കു വഹിച്ചുകൊണ്ടു ബദ്ധപ്പെട്ടോടുകയാണെന്നു മാത്രം മനസ്സിലായി. അനങ്ങാൻപോലും കഴിവില്ലാതെ കൊത്തിവച്ച പാവപോലെ ഞാൻ മിഴിച്ചിരുന്നതേയുള്ളു. കുളിക്കുകയായിരുന്ന ശിപായികൾ അതുകണ്ടു ആക്രോശിച്ചുകൊണ്ടു പുറകെ ഓടിവന്നു. ഞാൻ കൊള്ളക്കാരുടെ കൈയിൽ അകപ്പെട്ടുവെന്ന് എനിക്കു മനസ്സിലായി. പിൻവാതിലിലൂടെ ചാടി രക്ഷപ്പെടാമെന്നു കരുതി വാതിൽ തുറന്ന

പ്പോൾ എന്റെ അകമ്പടിക്കാർ എല്ലാവരും ഒരുമിച്ചു ഉച്ചത്തിൽ അലറിക്കൊണ്ടു കൊള്ളക്കാരെ അരിഞ്ഞരിഞ്ഞെറിയാനുള്ള അമർഷത്തോടെ അടുത്തുവരുന്നതാണ് കണ്ടത്. അവർ എന്നെ രക്ഷിക്കുമെന്നു ഞാൻ പൂർണ്ണമായി വിശ്വസിച്ചു. അതുകൊണ്ടു പല്ലക്കിൽത്തന്നെ ഇരുന്നു. വഴിയരികിലെ മരങ്ങളിൽ നിന്നു കൊള്ളക്കാരുടെ കൂട്ടുകാർ ചാടിയിറങ്ങിക്കൊണ്ടിരുന്നു. അവർ കുന്തങ്ങളും ദണ്ഡുകളും വഹിച്ചിട്ടുണ്ടു്. കൊള്ളക്കാരുടെ സംഖ്യാബലവും ആയുധശക്തിയും മനസ്സിലാക്കിയ അംഗരക്ഷകൻമാർ ഭയന്നു പിൻമാറി. അതെന്നെ വല്ലാതെ വ്യസനിപ്പിച്ചു. വരുന്നതുവരട്ടെ എന്നനിലയിൽ ഞാൻ വെളിയിൽ ചാടാൻ തീർച്ചപ്പെടുത്തി. അതു മനസ്സിലാക്കിയ ഒരുവൻ വടിയോങ്ങി എന്നെ ഭയപ്പെടുത്തി. സന്ധ്യയോടടുത്തപ്പോൾ ഒരു മരച്ചുവട്ടിൽ പല്ലക്കിറക്കിവച്ചു. കരിയിലകളും ചുള്ളിക്കമ്പുകളും കൊണ്ടുവന്നു തീ പിടിപ്പിച്ച് അവർ പല്ലക്കിന്റെ മറകൾ വലിച്ചുകീറി അതിലിട്ടു ചുട്ടു. ഒരുവൻ എന്നെനോക്കി അലറി.

"ഇറങ്ങ് താഴെ."

ഞാൻ ഇറങ്ങി. വിറയ്ക്കുന്നുണ്ടായിരുന്നു.

"ആഭരണങ്ങളും വിലപിടിച്ച വസ്ത്രങ്ങളും ഉടനെ അഴിച്ചുതാ."

മറ്റൊരുവൻ ഗർജ്ജിച്ചു.

അവരുടെ ഗർജ്ജനങ്ങളും രോഷഭാവങ്ങളും കൊണ്ടു ഭയസംഭ്രാന്തയായ ഞാൻ എന്റെ താലിയൊഴിച്ചുള്ള സ്വർണ്ണാഭരണങ്ങളും ധരിച്ചിരുന്ന പട്ടുവസ്ത്രങ്ങളും അവരെ ഏൽപ്പിച്ചു. മംഗളമുഹൂർത്തത്തിൽ എന്റെ പ്രിയതമൻ ചാർത്തിയ മംഗല്യസൂത്രം വിട്ടുതരുമെന്നായിരുന്നു മൂഢമതിയായ

ERNAKULAM

എന്റെ വിചാരം. എന്നാൽ ഒരുത്തൻ അതും കഴുത്തിൽ നിന്നു പൊട്ടിച്ചെടുത്തു.

പല്ലക്കിന്റെ രണ്ടു തണ്ടുകളും വെട്ടിയെടുത്തശേഷം അവശേഷിച്ച ഭാഗം തുണ്ടംതുണ്ടമാക്കി അവർ ചുട്ടുകരിച്ചു. ഒരു കൊള്ളനടന്നതായി ആർക്കും ഇനി തിരിച്ചറിയാനാവില്ല. എല്ലാം നശിപ്പിച്ചുകഴിഞ്ഞു.

അവർതന്ന കീറത്തുണികൾ ചുററി ഞാനിനി കാട്ടിലല യണം. പന്തങ്ങളെരിച്ച് അവർ സ്ഥലം വിടാൻ ഒരുങ്ങു കയാണ്.

ഒന്നുകിൽ എന്നെ കൊലചെയ്യു; അല്ലെങ്കിൽ ജനവാസ മുള്ള ദിക്കിൽ കൊണ്ടുപോയിവിടു."

ഞാൻ കരഞ്ഞുകൊണ്ട് അപേക്ഷിച്ചു. കൊള്ളക്കാരിൽ മദ്ധ്യവയസ്കനായ ഒരാൾ ഇടത്തുകൈയിൽ ഉയർത്തിപ്പി ടിച്ച പന്തവുമായി അനുകമ്പാർദ്രമായ സ്വരത്തിൽ പറഞ്ഞു.

"കുമാരീ, നിന്റെ ആടയാഭരണങ്ങൾ മുഴുവൻ ഞങ്ങൾക്കു കിട്ടി. ഞങ്ങൾ പിന്നെയെന്തിനു നിന്നെ കൊല്ലണം? നിന്നെ ജനങ്ങൾക്കിടയിൽ വിട്ടാൽ ഞങ്ങളുടെ കൊള്ളക്കാര്യം പല രുമറിയും; അവർ കൊള്ളക്കാരെ തിരയും. ഞങ്ങളത്ര മണ്ട ന്മാരാണെന്നാണോ നീ കരുതിയത്? മാതൃഭേക്തിയോ സഹോ ദരീസ്നേഹമോ തൊട്ടുതെറിച്ചിട്ടില്ലാത്ത ഇരപ്പാളികളുടെ കൈയ്യിൽ പെട്ടാൽ അതിസുന്ദരിയായ നിനക്കു രക്ഷപ്പെടാ നാവുമെന്നു തോന്നുന്നുണ്ടോ? അതുകൊണ്ടു നിന്നെ ഈ കാ ട്ടിലുള്ള മൃഗങ്ങൾക്കു വിട്ടുകൊടുക്കുന്നു." അതും പറഞ്ഞു അയാൾ മററുള്ളവരോടൊപ്പം ചേർന്നു. അവർ അതിവേഗം അപ്രത്യക്ഷരായി.

# മൂന്ന്

വിവാഹാനന്തരം ആദ്യമായി ഭർത്തൃഗൃഹത്തിലേയ്ക്കു പോകുന്ന ഞാൻ പ്രാണപ്രിയനോടെങ്ങനെയാണ് സംസാരിച്ചുതുടങ്ങുക? എപ്രകാരമാണ് പെരുമാറുക? പ്രദർശനവേളയിൽ എന്താണ് ചോദിക്കുക? എന്നിങ്ങനെ എന്തെല്ലാമോ ചിന്തിച്ചു യാത്ര ചെയ്യുന്നതിനിടയിലാണ് ഈ അപകടത്തിലകപ്പെട്ടത്. ഏഴെട്ടുവർഷം മുമ്പു കണ്ട പ്രിയതമന്റെ സുന്ദരവദനം മനസ്സിന്റെ ശ്രീകോവിലിൽ ഇപ്പോഴും തെളിഞ്ഞുനിൽക്കുന്നു.

ഇതെല്ലാം പറഞ്ഞിട്ടെന്തുകാര്യം? എന്റെ മനോരഥങ്ങൾ തകർന്നു. ആടയാഭരണങ്ങൾ കവരപ്പെട്ടു. ജീവിതനൈരാശ്യം ഉയർന്നു. ഇനി ദുഷ്ടജന്തുക്കൾക്കിരയാവുകയല്ലാതെ ഗത്യന്തരമില്ല. ജീവിച്ചിരുന്നിട്ടെന്തു പ്രയോജനം? പ്രിയതമനെ കാണ്മാൻ കഴിയുകയില്ല. മാതാപിതാക്കളെയും എന്നന്നേയ്ക്കുമായി വെടിഞ്ഞതുപോലെ തോന്നുന്നു. മരണം കനിഞ്ഞൊന്നു സ്വീകരിച്ചില്ലെങ്കിൽ മഹാഭാഗ്യമായി.

വനമദ്ധ്യത്തിൽവച്ചു കരഞ്ഞതുകൊണ്ടു ഒരു പ്രയോജവുമില്ല. അതറിയാമായിരുന്നിട്ടും കരച്ചിൽ മാറ്റാൻ കഴിയുന്നില്ല. ഒരദൃശ്യശക്തി എന്നെ ഓരോ കാൽവയ്പിലും ധൈര്യപ്പെടുത്തുന്നുണ്ട്. എന്നാൽ എന്റെ മിഴികളിൽ ചുടുനീർ ഇടമുറിയാതെ ഒഴികിക്കൊണ്ടിരിക്കയാണ്.

ഈ സന്ദർഭത്തിൽ അല്പം അകലെ ഒരു ഭീകരശബ്ദം മുഴങ്ങിക്കേട്ടു. ഒരു കടുവയുടെ അലർച്ച! ഏററവും ഭയം അനുഭവപ്പെടേണ്ട ഘട്ടമാണ്; എന്നാൽ എന്റെ സന്തോഷം വർദ്ധിക്കുകയാണുണ്ടായത്. കടുവ എന്നെ പിടിച്ചു ഭക്ഷി

ച്ചാൽ എല്ലാം കഷ്ടതകളും തീരുമായിരുന്നു! ഞാൻ അതി നെയും പ്രതീക്ഷിച്ചു ഒരു വെളിസ്ഥലത്തു മരണം വരി ക്കാൻ ഒരുങ്ങിയിരുന്നു. ഇലകൾ അനങ്ങുന്നു. ചുള്ളിക്കമ്പു കൾ കാലുകൾക്കിടയിൽ അമരുന്നു. ആ വലിയജന്തു എന്നെ സമീപിച്ചുകഴിഞ്ഞു. എന്റെ ദുരിതങ്ങൾ നിശ്ശേഷം നശിപ്പിക്കുവാൻ വരുന്ന ആ ക്രൂരജന്തുവിനെ ഞാൻ മനസാ വാഴ്ത്തി. ഇലകളുടെയും മററും ശബ്ദം കേൾക്കാതായി. അയ്യോ! കടുവ മറെറാരു ഭാഗത്തു പോയ്ക്കളഞ്ഞു. ഇല്ല. വീ ണ്ടും എന്റെ പിന്നിൽ നിന്ന് അതിന്റെ ഒച്ചകേട്ടു. വന ത്തിൽ എന്റെ ചുററും ഏതോ ഒരുഗ്രജന്തു ഓടിനടക്കുകയും അലറുകയും ചെയ്തതല്ലാതെ അതിനെ എനിക്കു കാണാൻ പോലും കഴിഞ്ഞില്ല. സകല വേദനകളേയും അവസാനിപ്പി ക്കാൻ മരണം കനിയുമെന്ന എന്റെ പ്രതീക്ഷ തകർന്നു പോയി.

വിശപ്പും ദാഹവും അസഹ്യമായി. മുൾച്ചെടികൾ തട്ടി ദേഹമാകെ മുറിഞ്ഞു. കാലുകളിൽ മുള്ളുകൾ തുളച്ചുകയറി. ക്ഷീണം മൂലം ഞാൻ ഒരിടത്തിരുന്നു. എത്ര നേരമായി കാട്ടി ലലയുന്നു!

പെട്ടെന്നൊരുകരടി എന്റെ മുമ്പിൽ ചാടിവീണു. ഞാൻ എന്റെ ഹതവിധിയെപ്പററി ചിന്തിച്ചു സന്തപിച്ചു കൊണ്ടി രിക്കയായിരുന്നു. എങ്കിലും അതിനെ കണ്ട മാത്രയിൽ ഭയം കൊണ്ടു നടുങ്ങിപ്പോയി. ആ ഭയവും നടുക്കവും ഒരു നിമിഷ മേ നില നിന്നുള്ളു. മരണത്തെ വരിക്കാൻ കരടി സഹായിക്കു മെന്നു തോന്നി ഞാൻ സന്തോഷിച്ചു. കൈ ഉയർത്തി അതിനെ ചൊടിപ്പിക്കാൻ ശ്രമിച്ചു. അതെന്റെ മേൽ ചാടി വീഴുന്ന തിന്നു പകരം എന്നിൽ നിന്നു രക്ഷപ്പെടാൻ ഒരു മരത്തിൽ ചാടിക്കയറുകയാണ് ചെയ്തത്. അവിടെയുള്ള തേൻകൂടു

പൊളിച്ച് അത് തേൻ കുടിച്ചുതുടങ്ങി. കുറെക്കഴിഞ്ഞു താഴേക്കിറങ്ങി. എന്നെ ഗൌനിക്കാതെ എവിടെക്കോ ഓടിപ്പോയി.

അർദ്ധരാത്രിയായപ്പോൾ ഞാൻ ഉറങ്ങിപ്പോയി.

നിദ്രയിൽ നിന്നുണർന്നപ്പോൾ സമയം പ്രഭാതമായിക്കഴിഞ്ഞിരുന്നു. മുത്തുകളും രത്നങ്ങളുംകൊണ്ടു ഉഷസ്സ് വസുന്ധരയെ അലങ്കരിക്കുന്നു. അപ്പോൾ എന്റെ നോട്ടം ആദ്യമായി എന്റെ കൈകളിലാണ് പതിഞ്ഞത് — രണ്ടും ശൂന്യം! അമ്മയും തോഴിമാരും ചേർന്നണിയിച്ച രത്നകങ്കണങ്ങളും വജ്രാംഗുലീയങ്ങളും കൊള്ളക്കാർ കൊണ്ടുപോയി. വലതുകൈയ്യിൽ ഒരിരുമ്പുമോതിരം ബാക്കിയുണ്ട്. ഇടതു കൈവിരലുകളിൽ ഒന്നുമില്ല. അസഹ്യമായ വേദനയോടെ ഞാൻ തേങ്ങിതേങ്ങി കരഞ്ഞു. ഒരു ചെറിയ ലതയെടുത്തു ഇടതുകൈയിൽ കെട്ടി.

ഞാൻ നിൽക്കുന്നിടത്തു ചെടികളും വള്ളികളും മുറിച്ചിട്ടിരിക്കുന്നതു കണ്ടു. വിറകുവെട്ടാൻ മനുഷ്യർ ഇവിടെ പ്രവേശിക്കാറുണ്ടെന്നു ഞാൻ ഊഹിച്ചു. ചുററുപാടും ശ്രദ്ധിച്ചപ്പോൾ ഒരൊററയടിപ്പാത കണ്ടു. ജനവാസമുള്ള ഗ്രാമപ്രദേശത്തു ചെന്നെത്താനുള്ള തിടുക്കമായിരുന്നു അപ്പോൾ എനിക്ക്. ഞാൻ ആ വഴിയിൽക്കൂടി നടന്നു. ഏതാനും അടികൾ നടന്നപ്പോൾ എന്റെ മനസ്സിൽ വീണ്ടും ദുഃഖം തലപൊക്കി. കൊള്ളക്കാർ നൽകിയ കീറത്തുണികൾ നഗ്നത മറയ്ക്കാൻ തികഞ്ഞിരുന്നില്ല. അതും ചുററികൊണ്ട് എങ്ങനെ ആളുകളുടെ മുമ്പിലിറങ്ങും? വേണ്ട. കാട്ടിൽ കിടന്നു മരിക്കാം.

എന്നാൽ ദിനകരന്റെ കിരണങ്ങളും വായുവിൽ തല കുലുക്കി ചാഞ്ചാടുന്ന പൂവുകളും കാണുകയും പറവകളുടെ മധുരഗീതം കേൾക്കുകയും ചെയ്തപ്പോൾ വീണ്ടും ജീവിത

ത്തിന്റെ മധുരിമയും രസികത്വവും നുകരുവാനുള്ള അദമ്യമായ ആസക്തി ശക്തിപ്പെട്ടു. പൂച്ചില്ലകളും വള്ളികളും കൊണ്ടു കിറത്തുന്നിക്കുമുകളിൽ ഒരാവരണമുണ്ടാക്കി ഞാൻ മുമ്പോട്ടുനടന്നു. ഒരു ഭ്രാന്തിയാണെന്നേ എന്നെക്കണ്ടാൽ ആർക്കും തോന്നുമായിരുന്നുള്ളൂ.

കുറേദൂരം ചെന്നപ്പോൾ ആടുമാടുകളുടെ കരച്ചിൽ കേൾക്കുമാറായി. ജനവാസമുള്ള പ്രദേശം സമീപിക്കുകയാവണം. പക്ഷേ കാലുകൾ മുന്നോട്ടെടുത്തുവെക്കാൻ പ്രയാസപ്പെട്ടു. ദാഹം, വിശപ്പ്, ക്ഷീണം, ശരീരക്ലേശം, മനോവേദന-എല്ലാം അടിക്കടി വർദ്ധിക്കുകയാണ്. എനിക്കുണ്ടോ ഇങ്ങനെ നടന്ന് പരിചയം? ഞാൻ വഴിയരികിൽ ഒരു മരത്തടിമേൽ കിടന്നുറങ്ങിപ്പോയി. ആ കിടപ്പിൽ മേഘങ്ങളിൽ കയറി ഞാൻ സ്വർഗലോകത്തുചെന്നു. പാരിജാത പുഷ്പങ്ങൾ പെറുക്കി പ്രിയതമന്റെമേൽ എറിഞ്ഞു കളിച്ചു.

സ്വപ്നം കണ്ടു കിടക്കവേ ഒരു കരസ്പർശം. ഞാൻ ഞെട്ടിപ്പോയി.ഒരു യുവാവ് എന്റെ സമീപത്തു നിൽക്കുന്നു. എന്റെ കൈകൾ അയാൾ കടന്നുപിടിച്ചു. ആ കൈ തെറിപ്പിച്ചു. ദൂരെമാറി ധൈര്യംപൂണ്ടു ഞാനവനെ ശകാരിച്ചു. കാതുകൾ തുളയ്ക്കുമാറ് അവൻ പൊട്ടിച്ചിരിച്ചു. അത്യുൽക്കടമായ ആഹ്ലാദംകൊണ്ടുള്ള പൊട്ടിച്ചിരി. അവൻ പറഞ്ഞു.

"സുന്ദരി, നിനക്കെന്നെ മനസ്സിലായില്ല അല്ലേ? ഇന്നലെ നിന്നെ കൊടുങ്കാട്ടിൽ ഉപേക്ഷിച്ച ആളുകളുടെ കൂട്ടത്തിൽ പെട്ടവനാണു ഞാൻ. എന്റെ കൂട്ടുകാർക്ക് എന്നോടു വിരോധം തോന്നരുതല്ലോ. അതുകൊണ്ടു ആരുമറിയാതെ നിന്നെ തിരഞ്ഞു വന്നിരിക്കുകയാണ്. തേടിയവള്ളി കാലിൽ ചുററി. ഭാഗ്യം തന്നെ."

ഞാൻ തിരക്കിട്ടു ചുററുപാടും കണ്ണോടിച്ചു. സമീപത്തു തന്നെ ഒരു മരക്കഷണം കണ്ടു. അതെടുത്തതും അവന്റെ തലയ്ക്കടിച്ചതും ഒരുനിമിഷം കൊണ്ടു കഴിഞ്ഞു. അവന്റെ ശിരസ്സിലൂടെ രക്തം ഒഴുകിത്തുടങ്ങി. അതോടെ അവൻ എങ്ങോ ഓടിമറഞ്ഞു. എനിയ്ക്കിത്രയും ധൈര്യം എങ്ങനെയുണ്ടായെന്നറിഞ്ഞുകൂടാ.

ഞാൻ നടന്നു. ആ മരക്കഷണമായിരുന്നു ഊന്നുവടി. കുറെചെന്നപ്പോൾ ഒരുകിഴവിയെകണ്ടു.

"മഹേശപുരം എവിടെയാണ്? സുന്ദരപുരത്തേയ്ക്കു എത്രദൂരം?" ഞാൻ തളർന്നശബ്ദത്തിൽ ചോദിച്ചു. വൃദ്ധയ്ക്കു എന്നെ കണ്ടപ്പോൾ അത്ഭുതമാണു തോന്നിയതു്. എന്റെ സൌന്ദര്യവും പ്രായവും കണ്ടതുകൊണ്ടാവണം എന്നെ ഏകാകിനിയായി വിജനസ്ഥലത്ത് ഇട്ടെറിഞ്ഞുപോകുവാൻ അവർക്ക് മനസ്സുവന്നില്ല.

"കുഞ്ഞേ! എന്റെ വീട്ടിലേക്കുപോകാം. വരിക"

അവർ കൈപിടിച്ചു വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോയി. പാലും പഴവും തന്ന് അവർ സത്കരിച്ചു.

"അമ്മയ്ക്കു ഞാൻ വേണ്ടത്രപണം തരാം. അമ്മ എന്നെ മഹേശപുരത്തിലെത്തിക്കുമോ?"

ഞാൻ അവരോടപേക്ഷിച്ചു.

"എങ്ങനെകുഞ്ഞേ? എന്റെ വീടും കന്നുകാലികളുമില്ലേ?"

വൃദ്ധ തന്റെ നിസ്സഹായത വ്യക്തമാക്കി. കുറേക്കഴിഞ്ഞു മഹേശപുരത്തിലേക്കുള്ള വഴികാണിച്ചുതന്നു. അവർ ചൂണ്ടിക്കാണിച്ച വഴിയിലൂടെ അന്തിവെളിച്ചം ഇരുട്ടിലലിയുന്നതുവരെ ഞാൻ നടന്നു.

മണിക്കൂറുകൾക്കുശേഷം, എതിരേവരുന്ന യാത്രക്കാര നോടു മഹേശപുരത്തിലേക്ക് ഇനിയും കുറേ ദൂരമുണ്ടോ എന്നു ഞാനന്വേഷിച്ചു.

"നീ വഴി തെററി വളരെയകലെ എത്തിപ്പോയി. തടി മിടുക്കുള്ള ഒരാൾക്കു തന്നെ ഇനിയും ഒരു ദിവസം നടക്കാ നുള്ള ദൂരമുണ്ട്." അതായിരുന്നു ആ മനുഷ്യൻെറ മറു പടി. അയാൾ കാഴ്ചയിൽ സൌമ്യനായിരുന്നു. സംഭാഷ ണത്തിൽ വിനയവും കുലീനതയും കളിയാടിയിരുന്നു. ഞാൻ അദ്ദേഹത്തെ അനുഗമിച്ചു. രാത്രി വളരെ വൈകിയാണ് അയാ ളുടെ ഗൃഹത്തിലെത്തിയത്.

"ഇതാ, നമുക്കൊരു മാന്യാതിഥിയെ ലഭിച്ചിരിക്കുന്നു. കണ്ടപ്പോൾ തന്നെ ഉന്നതകുല ജാതയായ ഒരു കുമാരിയാണി വളെന്നെനിക്കു തോന്നി. ഇവളെ മാന്യമായ നിലയിൽ പരി ചരിക്കേണ്ടതു നമ്മുടെ കടമയാണ്". അയാൾ ഭാര്യയോടു പറഞ്ഞു. ആ സ്ത്രീരത്നം എന്നെ അകത്തേക്കു കൂട്ടിക്കൊ ണ്ടുപോയി. ആദ്യമായി ഫലഹാരങ്ങളും പാലും തന്നു. പി ന്നീട് കുളിക്കാൻ സൌകര്യം ചെയ്തുതന്നു. എനിക്കുടു ക്കാൻ തന്നതു പുതിയ നാടൻവസ്ത്രങ്ങളാണ്. ആ ബ്രാഹ്മണസ്ത്രീയുടെ പതിഭക്തിയും ഈശ്വരഭക്തിയും അനുകരണീയമായിരുന്നു. ജീവിതത്തോട് ആർക്കും മമത തോന്നിക്കുമാറ് മാതൃകാദമ്പതികളായിരുന്നു അവർ. സ്വന്തം പുത്രിയെ എന്നപോലെയാണ് അവർ എന്നെ പരിചരിച്ചത്. അവരുടെ വാക്കുകളിൽനിന്ന് ആ നല്ല മനുഷ്യൻ ഒരു പുരോ ഹിതനാണെന്നും പുരോഹിത വൃത്തിയുടെ പ്രതിഫലം കൊ ണ്ടാണ് അവർ രണ്ടുപേരും ജീവിക്കുന്നതെന്നും മനസ്സി ലായി.

ഒരുദിവസം കൃഷ്ണദാസ് എന്നുപേരായ ഒരുധനികൻ കുടുംബസമേതം കൽക്കത്തയിൽ പോകുന്ന വിവരം ആരോ

പറഞ്ഞറിഞ്ഞു. അവിടെ എന്റെ അച്ഛന്റെ ഒരു ബന്ധുവുണ്ട്. അകന്നവഴിയിൽ ഒരിളയച്ഛൻ. ആ സ്ഥലത്തെത്തിച്ചേർന്നാൽ ഏതുവിധമെങ്കിലും അദ്ദേഹത്തിന്റെ സഹായത്തോടുകൂടി സ്വഗൃഹത്തിൽ ചെന്നുചേരാമെന്നു ഞാൻ വിശ്വസിച്ചു. ഈ വിവരം പുരോഹിതപത്നിയോടു പറഞ്ഞു. അവർ ഭർത്താവിനെ കാര്യം അറിയിച്ചു. അദ്ദേഹത്തിന്ന് അതിഷ്ടമായി. അതിനുമുമ്പു പലരും മഹേശപുരത്തേയ്ക്കുള്ള വഴി അറിയാമെന്നു പറഞ്ഞ് ആ വീട്ടിൽ വന്നിരുന്നു. അവരുടെയൊന്നും കൂടെ എന്നെ പറഞ്ഞയക്കാൻ പുരോഹിതൻ ധൈര്യപ്പെട്ടില്ല. എന്നാൽ കൃഷ്ണദാസിനെപ്പററി അദ്ദേഹത്തിനു വളരെ മതിപ്പായിരുന്നു.

"നിന്നെക്കൂടെ കൊണ്ടുപോകാൻ ഞാൻ അദ്ദേഹത്തോടു പറയാം. എന്റെ വാക്കുകൾ അയാൾ തള്ളുകയില്ല." പുരോഹിതൻ എന്നെ സമാശ്വസിപ്പിച്ചു.

പിറേറന്നു കൃഷ്ണദാസ് അവിടെ വന്നു. എന്നെ കൃഷ്ണദാസിനു പരിചയപ്പെടുത്തി.

"ഇവളാണ് ഞാൻ പറഞ്ഞ പെൺകുട്ടി. കൂടെ കൊണ്ടുപോവുകയാണെങ്കിൽ ഇവൾ എങ്ങനെയെങ്കിലും സ്വന്തം വീട്ടിൽ എത്തിച്ചേരുമായിരുന്നു."

ഇതു കേട്ടപ്പോൾ ആ ധനവാൻ ഇങ്ങനെ മറുപടി പറഞ്ഞു:

"സ്വാമിൻ, അങ്ങയുടെ അപേക്ഷ നിറവേററുന്നതിൽ എനിക്കൊരു വിഷമവുമില്ല."

ആ ദമ്പതിമാർ എന്നെ ആശീർവദിച്ചു. തീർത്ഥാടനത്തിന്നു പുറപ്പെട്ട കൃഷ്ണദാസിന്റെയും ശ്യാമളയുടെയും ഒപ്പം ഞാൻ യാത്രയായി. പത്തു പന്ത്രണ്ടു നാഴിക നടന്നപ്പോൾ ഗംഗാതീരമായി. അടുത്ത പ്രഭാതത്തിൽ കൽക്കത്തയ്ക്കുള്ള വഞ്ചിയിൽ കയറി.

ഗംഗാനദി ഞാൻ ഒന്നാമതു കാണുകയാണ്. ഓളങ്ങളിളകി ഒഴുകിപ്പോകുന്ന നദിയിലെ നിർമ്മലജലത്തിൽ ബാലാദിത്യൻെറ അരുണകിരണങ്ങൾ ആയിരം മഴവില്ലിൻെറ മനോഹാരിത ചൊരിഞ്ഞു. വഞ്ചികൾ ഇടതടവില്ലാതെ പോയ്ക്കൊണ്ടിരുന്നു. തണ്ടു വലിയുടെ ശബ്ദവും വള്ളത്തിൽ ഇരിക്കുന്നവരുടെ കോലാഹലവും പ്രത്യേകിച്ചു സ്ത്രീകളുടെ ബഹളവും വഞ്ചിയിൽ വന്നുതട്ടുന്ന ഓളങ്ങളുടെ തിമർപ്പും എല്ലാം ഒത്തുചേർന്നപ്പോൾ ജീവിതത്തിൻെറ തുടിപ്പ് എൻെറ മനസ്സിൽ ഒന്നിച്ചു പാഞ്ഞെത്തി.

സ്നാനഘട്ടങ്ങളിൽ ചിലർ കുളിക്കുന്നു; ചിലർ നീന്തിത്തുടിക്കുന്നു. കരയിൽ നിന്നുകൊണ്ടു നദിയിലെ ദൃശ്യങ്ങൾ നോക്കി വിനോദിക്കുകയാണ് ചിലർ. വേറെ ചിലരാകട്ടെ ഗംഗാതീർത്ഥത്തിൽ പൂജാപുഷ്പങ്ങൾ അർപ്പിക്കുകയാണ്. ഹാ! പരമാർത്ഥത്തിൽ ഗംഗ ഒരു പുണ്യനദിതന്നെ.

ഇനിയും എന്തെല്ലാം കാഴ്ചകളാണ് ഗംഗാതീരങ്ങളിൽ! യാത്രയ്ക്കിടയിൽ കണ്ണുതുറന്നിരുന്നാൽ മതി, സമയം പോകുന്നതറിയില്ല. യുവസുന്ദരികൾ ചെപ്പുകുടങ്ങൾ ഒക്കത്തുവച്ചുകൊണ്ടു വെള്ളം കോരാൻ വരുന്നു. സ്ത്രീപുരുഷഭേദമെന്യേ പലരും വസ്ത്രങ്ങൾ തിരുമ്മുന്നു. നദീതീരത്തു നിൽക്കുന്ന സ്ത്രീകൾ പരസ്പരം നോക്കുകയും കൊഞ്ചിക്കുഴയുകയും മന്ദഹസിക്കുകയും യാത്രക്കാരെ വിടർന്ന മിഴികളാൽ വീക്ഷിക്കുകയും ചെയ്യുന്നു. വല വീശി മീൻ പിടിക്കുന്ന മുക്കുവൻമാർ കരയിലുമുണ്ട്, നദിയിലുമുണ്ട്. വള്ളത്തിൽ നിന്നു മത്സ്യം പിടിക്കുന്ന മുക്കുവർക്കു വല വലിച്ചുകയററുമ്പോൾ എന്തൊരാനന്ദമാണ്! അവർ മത്സ്യങ്ങളെ പിടിച്ചു വള്ളത്തിലിടുകയാണ്. കരയിൽ നിന്നു കേൾക്കുന്ന മധുരശബ്ദം ഗംഗാമാതാവിനെക്കുറിച്ചുള്ള കൊച്ചുകുട്ടികളുടെ സ്തുതിഗീതങ്ങളാണ്.

ഞാനെന്റെ എല്ലാം ദുഃഖങ്ങളും മറന്നു. വള്ളത്തിലിരുന്നുകൊണ്ടു കൽക്കത്താപട്ടണം അകലെ ദർശിച്ചപ്പോൾ ഭയവും അൽഭുതവും ഉളവായി. അംബരചുംബികളായ സൌധങ്ങൾ സമുദ്രത്തിലെ തിരമാലകൾ പോലെ കാണപ്പെട്ടു. കരയോടുതൊട്ടു നിരന്നുനിൽക്കുന്ന കപ്പലുകളും കരയിലെ കെട്ടിടങ്ങളും എന്നിൽ പരിഭ്രമം വളർത്തി. ഞങ്ങളുടെ വള്ളം കരയോടടുക്കുകയാണ്. എറുമ്പുകളുടെ നിരപോലെയാണ് കാളവണ്ടികളും കുതിരവണ്ടികളും ഒന്നിനു പിന്നാലെ മറ്റൊന്നായി പോയ്ക്കൊണ്ടിരുന്നത്. നടന്നുപോകുന്ന ആളുകൾക്കു കൈയുംകണക്കുമില്ല. ഈ ജനമഹാസമുദ്രത്തിൽ ഇളയച്ഛന്റെ പാർപ്പിടം കണ്ടെത്തുന്നതെങ്ങനെ? അവ്യക്തമായൊരു ഭീതി കട്ടികൂടിയൊരു മതിൽപോലെ മുന്നിൽ ഉയർന്നുകൊണ്ടിരുന്നു.

# നാല്

കാളീഘട്ടിലെ ദുർഗ്ഗയെ പൂജിക്കാനാണ് കൃഷ്ണദാസും ശ്യാമയും കൽക്കത്തയ്ക്കു വന്നത്. ദേവീദർശനം കഴിഞ്ഞു കാശിക്കു പോവുകയാണ് അവരുടെ പരിപാടി.

"നിന്റെ ഇളയച്ഛന്റെ വീടു് ഏതുതെരുവിലാണ്?" ഒരു ദിവസം കൃഷ്ണദാസ് എന്നോടു ചോദിച്ചു

"എനിക്കറിയില്ല."

"കൽക്കത്തയിൽ ഏതു ഭാഗത്താണെന്നറിയാമോ?"

"അതുമറിയില്ല."

ഞാൻ ജനിച്ചുവളർന്ന മഹേശപുരംപോലെ ഒരു ചെറുഗ്രാമമായിരിക്കും കൽക്കത്തയെന്നും തപാൽശിപായിയോടോ മറേറാ ചോദിച്ചാൽ വളരെ വേഗം ചെറിയച്ഛനെ കണ്ടെത്താൻ കഴിയുമെന്നും മററുമായിരുന്നു എന്റെ വിചാരം. എന്നാൽ ഇവിടെ അനുഭവം മറിച്ചാണ്. ഞങ്ങൾ പലേടത്തും അന്വേഷിച്ചു. ഇതുപോലൊരു നഗരത്തിൽ ഒരു സാധാരണ മനുഷ്യനെ തെരുവിന്റെ പേരുപോലുമറിയാതെ കണ്ടുപിടിക്കാൻ സാദ്ധ്യമല്ലെന്ന് എനിക്കു വളരെവേഗം ബോദ്ധ്യപ്പെട്ടു. എന്റെ കണ്ണിൽ വെള്ളംനിറഞ്ഞു. കാശിയാത്രയ്ക്കൊരുക്കം കൂട്ടുന്ന ശ്യാമ പറഞ്ഞു.

"കരഞ്ഞതുകൊണ്ട് ഒരു പ്രയോജനവുമില്ല. ഞാനൊരുവഴി പറഞ്ഞുതരാം. ഏതെങ്കിലുമൊരു വീട്ടിൽ വേലക്കാരിയായി താമസിച്ചോളൂ."

ഞാൻ വാവിട്ടു കരഞ്ഞുപോയി.

എച്ചിൽപ്പാത്രം കഴുകിയും മുററമടിച്ചും അകംമെഴുകിയും ഞാൻ ജീവിക്കണമെന്നോ? കരഞ്ഞു കരഞ്ഞു എന്റെ തൊണ്ടപൊട്ടി. കണ്ണുകൾ ചുവന്നു. വായിൽ രക്ത് പൊടിഞ്ഞു. അവൾ തുടർന്നു.

“ഇന്നു ഞങ്ങളെ കാണാൻ ഒരാൾ വരുന്നുണ്ട്; എന്റെ ഒരു സ്നേഹിത—ശുഭ. അവരുടെ ബംഗ്ളാവിൽ ഏതെങ്കിലും ജോലിയിൽ താമസിപ്പിക്കാൻ പറയാം.”

മററു പോംവഴികൾ ഇല്ലാത്തതുകൊണ്ടാവണം കൃഷ്ണദാസും ഭാര്യയുടെ അഭിപ്രായം ശരിവച്ചു.

ഞാൻ ഒരു മൂലയിലിരുന്നു വിങ്ങിവിങ്ങിക്കരഞ്ഞു. ഓർക്കുന്തോറും ദുഃഖം എന്റെ അവയവങ്ങളിൽ ഇഴഞ്ഞുകയറി. സന്ധ്യയ്ക്കു വിളക്കു കൊളുത്തുന്നതിനു മുമ്പു ശ്യാമ എന്നെ വിളിച്ചു. ഞാൻ അടുത്തുചെന്നു.

“ഇതാ ശുഭ വന്നു. നിനക്കു സമ്മതമാണോ?”

പട്ടിണി കിടന്നു മരിച്ചാലും അന്യന്റെ വീട്ടിൽ ജോലി ചെയ്യരുതെന്നു ഞാൻ തീരുമാനിച്ചുകഴിഞ്ഞിരുന്നു എന്നാൽ ശുഭയെ കണ്ടപ്പോൾ എന്റെ തീരുമാനത്തിന്നു നേരിയ ചലനം സംഭവിച്ചു. ഞാൻ അതിനുമുമ്പ് ഒരിക്കലും ഇത്രയും സുന്ദരിയായ ഒരു യുവതിയെ കണ്ടിട്ടില്ല. എന്റെ പ്രായം തന്നെ. അവളുടെ കണ്ണുകൾക്കും അസാധാരണമായ സൌന്ദര്യം ഉണ്ടായിരുന്നു. ആ മുഖത്തു കളിയാടുന്ന ആകർഷണശക്തി ഒരു നിമിഷംകൊണ്ട് എന്നെ വശപ്പെടുത്തിക്കളഞ്ഞു! സൌന്ദര്യത്തെപ്പററിയുള്ള എന്റെ അഹന്ത നൊടിയിടകൊണ്ട് അപ്രത്യക്ഷമായി. അവളോടൊപ്പം മൂന്നുമൂന്നര വയസ്സുള്ള ഒരു ബാലനുമുണ്ട്. ഞാൻ ശുഭയേയും കുട്ടിയേയും മാറി മാറി നോക്കി—താമരയും മല്ലികയും!

സ്വദേശിവസ്ത്രങ്ങളണിഞ്ഞ ശുഭയേയും കുസൃതികൾ കാട്ടുന്ന കുമാരനെയും നോക്കി നിൽക്കുന്ന എന്നെ ശ്യാമളയുടെ വാക്കുകൾ ഉണർത്തി.

“എന്താണിങ്ങനെ മിഴിച്ചുനിൽക്കുന്നത്, ഒന്നും മറുപടി പറയാതെ ? നിനക്കു പറയാൻ വയ്യേ ?”

ഈ മഹതി ആരാണെന്നു മാത്രം ഞാൻ ശ്യാമളയോടു പതുക്കെ ചോദിച്ചു.

“നിനക്ക് അതിനിയും മനസ്സിലായില്ലേ? ഇവളാണ ശുഭ.” ശ്യാമയുടെ മറുപടി. അവരുടെ സ്വരം അൽപം പരുഷമായിരുന്നു.

ശുഭ ചിരിച്ചുകൊണ്ടു പറഞ്ഞു: “ഇളയമ്മേ, ഞാനാരെന്ന് ഈ യുവതി അറിയേണ്ടത് ആവശ്യമാണ്. പാവം, ആദ്യമായി കൽക്കത്ത കാണുന്നതല്ലേ? എന്നെപ്പററി എങ്ങനെ അറിയാനാണ്? അതുകൊണ്ടാണ് അങ്ങനെ ചോദിക്കുന്നത്.”

അത്രയും ശ്യാമയോടു പറഞ്ഞ് എന്റെ സമീപത്തു വന്നു മന്ദംമന്ദം മൊഴിഞ്ഞു.

“ഞാനാരെന്നു സ്വയം പരിചയപ്പെടുത്താം. എന്റെ പേര് സുഭാഷിണി. ചെറുപ്പംതൊട്ടേ എല്ലാവരും ശുഭ എന്നു വിളിച്ചുവരുന്നു ”

“കൽക്കത്തയിലെ മഹാപ്രഭുവായ രാമദത്തറായിയുടെ പുത്രനാണ് ശുഭയെ വിവാഹം ചെയ്തിരിക്കുന്നത്. ശൈശവവിവാഹമായിരുന്നു. അക്കാലം മുതൽക്കേ ഇവർ ഇവിടെ തന്നെയാണ്. കഴിഞ്ഞദിവസം നഗരത്തിൽ വച്ചാണ് ഞങ്ങൾ തമ്മിൽ കണ്ടത്. ഇവളുടെ വീട്ടിൽ വേലചെയ്യാൻ നിനക്കു സമ്മതമല്ലേ ?”

ശുഭയുടെ പരിചയപ്പെടുത്തലിനിടയിൽ ശ്യാമ കയറിച്ചോദിച്ചു.

മുൻഷി ഹരമോഹനദത്തന്റെ മകൾ മറ്റൊരുവന്റെ വീട്ടിൽ വേലക്കാരിയായി ജീവിച്ചുകൊള്ളാമെന്നു സമ്മതിക്കുകയോ? ഇതെന്തുകഥ? എന്റെ തലച്ചോറിൽ കൊള്ളിയാൻ മിന്നി; കണ്ണുകളിൽ പേമാരി ആരംഭിച്ചു ആ മഴയിൽ സുഭാഷിണിയുടെ മുഖാരവിന്ദം ശോഭമങ്ങി കാണപ്പെട്ടു. അവൾ ശ്യാമയോടു ഇപ്രകാരം പറഞ്ഞു "എനിക്ക് ഈ സഹോദരിയുടെ കഥ മുഴുവൻ അറിഞ്ഞാൽ കൊള്ളാമെന്നുണ്ട്. വല്ല സഹായവും ചെയ്യാനാവുമെങ്കിൽ ഞാൻ ശ്രമിക്കാം. എന്റെ വീട്ടിൽ താമസിക്കാൻ ഇവരെ ഒരുതരത്തിലും നിർബന്ധിക്കരുത്. എന്നിൽ വിശ്വാസവും തൃപ്തിയുമുണ്ടെങ്കിൽ മാത്രം താമസിച്ചാൽ മതി."

ഇത്രയും പറഞ്ഞു ശുഭ എന്റെ കൈപിടിച്ചു മറ്റൊരു മുറിയിൽ പോയി. കൂടെത്തന്നെ അവളുടെ പുത്രനും വന്നു. മററാരുമില്ലാതായപ്പോൾ എന്നെ ഇരുത്തിയ മഞ്ചത്തിൽത്തന്നെ അവളും ഇരുന്നു. ബാലൻ ആ മുറിക്കകത്ത് ഓടുകയും നടക്കുകയും ചെയ്തു. അവൻ പാടുകയും ഇടയ്ക്ക് പാട്ടു നിർത്തി ഇരിക്കുകയും പെട്ടെന്നു എഴുന്നേൽക്കുകയും വീണ്ടും പാടുകയും ചെയ്തു. ഞാൻ ബാലലീലകൾ നോക്കി രസിച്ചു. ശുഭ എന്റെ മുഖം അവർക്കു നേരെ പതുക്കെ പിടിച്ചുതിരിച്ചുകൊണ്ട് സംഭാഷണത്തിനു തുടക്കംകുറിച്ചു.

"സഹോദരി, എന്നോടു അന്വേഷിക്കുന്നതിനുമുമ്പു തന്നെ ഞാൻ എന്നെ പരിചയപ്പെടുത്തിയല്ലോ. നിങ്ങളെപ്പററി അറിയാൻ എനിക്കും ആഗ്രഹമുണ്ട്. നാം രണ്ടുപേരും സ്ത്രീകൾ; ഒരേ പ്രായക്കാർ. പറയൂ. എന്താണ് പേര്? ഒരു ബന്ധവുമില്ലാത്ത ആളുകളുടെ കൂടെ വന്നുചേരാൻ കാരണമെന്ത്?

വിനയനമ്രവും നിഷ്കളങ്കവും സ്നേഹസുരഭിലവുമായ വാക്കുകൾ! ഇനിയൊരു പക്ഷേ വേലചെയ്തു ജീവിക്കേണ്ടിവന്നാലും ഈ സൽസ്വഭാവിനിയുടെ വീട്ടിലല്ലേ എന്നു ഞാൻ സന്തോഷിച്ചു ഞാൻ പറഞ്ഞുതുടങ്ങി:

"എനിക്കു രണ്ടു പേരുകളുണ്ട്. ഒന്നെന്റെ അമ്മയച്ഛന്മാർ തന്നത്; മററത് എന്നെ കണ്ടകശ്ശനി ബാധിച്ചപ്പോൾ ഞാൻ സ്വയം സ്വീകരിച്ചത്. ഇവരോടെല്ലാം ഞാൻ ആ പേരേ പറഞ്ഞിട്ടുള്ളു. എന്റെ ചേച്ചിയോടും ഇപ്പോൾ അതേ പറകയുള്ളൂ. എന്റെപേര് കുമുദം."

"ഉമുദമോ?"—കുട്ടിയാണങ്ങനെ ചോദിച്ചത്.

"കണ്ടകശ്ശനി ബാധിച്ചുവെന്നോ?"— സുഭാഷിണിയുടെ സംഭ്രമം കലർന്ന സംശയം.

"ശനി .... ബാധ ... കണ്ടക ...ശ ...നി ...!"

ശുഭ ഉദ്വേഗപൂർവം അർദ്ധോക്തിയിൽ ഉച്ചരിച്ചുകൊണ്ടു തന്റെ ഫാലസ്ഥലം മൃദുകരതളിർകൊണ്ടു താങ്ങി മുഖം കുനിച്ചിരുന്നു. അൽപംകഴിഞ്ഞു തലയുയർത്തി എന്നെയൊന്നു നോക്കി. അനുകമ്പാർദ്രമായ നോട്ടം! ആ യുവസുന്ദരി നെടുതായൊന്നു നിശ്വസിച്ചു. എന്തൊക്കെയോ മനസ്സിലായ ഭാവമാണ് മുഖത്ത്.

"നിങ്ങൾക്ക് ഉററവരായി ആരെങ്കിലും ജീവിച്ചിരിപ്പുണ്ടോ? അമ്മയോ, അച്ഛനോ,സഹോദരനോ,സഹോദരിയോ—ആരെങ്കിലും? ഉണ്ടെങ്കിൽ അവരുടെ മേൽവിലാസം പറഞ്ഞുതരിക. സഹോദരി വിവാഹിതയാണെങ്കിൽ ആരാണ് ശ്വശുരൻ? അതും പറയൂ." സുഭാഷിണിയുടെ തന്റേടം!

എന്റെ ഭർത്താവാരെന്ന് അവൾ ചോദിച്ചില്ല. ഒരുത്തമവധൂവിനെക്കൊണ്ട് ഒരിക്കലും ഭർത്താവിന്റെ പേർ പറയിക്കരുതല്ലോ.

ഇതെല്ലാം കേട്ടപ്പോൾ ഞാൻ ദുഃഖച്ചുഴിയിൽ ആഴുകയായിരുന്നു. എന്റെ വൈഷമ്യം കണ്ടതുകൊണ്ടാവണം, ആ മഹതി സമാശ്വസിപ്പിച്ചു.

"പറയാൻ പ്രയാസം തോന്നുന്നുവെങ്കിൽ ഞാൻ നിർബന്ധിക്കുന്നില്ല. ധാരാളം ആഭരണമണിഞ്ഞതിന്റെ പാടുകൾ നിങ്ങളുടെ കഴുത്തിലും കൈയിലും തെളിഞ്ഞു കാണാനുണ്ട്. നിങ്ങളുടെ വാക്കിലും നോക്കിലും തറവാടിത്തം തുളുമ്പിനിൽക്കുന്നു. ഏതോ ഒരാപത്തിൽപ്പെട്ട നിങ്ങൾക്കീ നില വന്നുചേർന്നു. സാരമില്ല നിങ്ങളുടെ ഉദ്ദേശ്യം എന്തു തന്നെയായാലും അതിന്റെ പ്രാപ്തിവരെ എന്റെ ഗൃഹത്തിൽ താമസിക്കുക."

എന്റെ ഹൃദയഭാരം വളരെ കുറഞ്ഞു. ശുഭ തുടർന്നു:

"നിങ്ങൾക്കു പാചകം ചെയ്തു ശീലമുണ്ടോ?"

"ഉണ്ട്. പാചകം ചെയ്യാനും ഞാൻ പഠിച്ചിട്ടുണ്ട്." ഒരു നെടുവീർപ്പോടെ ഞാൻ മറുപടി പറഞ്ഞു.

"നല്ലത്. എന്റെ വീട്ടിലൊരു പാചകക്കാരിയുണ്ട്. അവൾ അടുത്തുതന്നെ പിരിഞ്ഞുപോവുകയാണ്. നിങ്ങളെ ആ ജോലിയിൽ നിശ്ചയിക്കാൻ ഞാൻ എന്റെ ശ്വശ്രുവിനോടു പറയാം. നിങ്ങൾ അധികം പ്രയാസപ്പെടുകയൊന്നും വേണ്ട. എനിക്കൊരു സഹായിയായിരുന്നാൽ മാത്രം മതി. എല്ലാം പ്രവൃത്തിയും ഞാൻ ചെയ്തുകൊള്ളും. എന്തു പറയുന്നു? സമ്മതമാണോ?"

"അമ്മതം. അമ്മതം. പറഞ്ഞേ! അമ്മതം."

കുട്ടി ഇടയിൽക്കയറി അവ്യക്തമായി സംസാരിച്ചപ്പോൾ സുഭാഷിണി ചിരിച്ചുപോയി. എനിക്കും സന്തോഷമായി.

"പറയൂ സഹോദരി, സമ്മതമാണോ?" അവർ മധുരമായി ചോദ്യം ആവർത്തിച്ചു.

"ചേച്ചിയുടെ സഹായം എനിക്കെപ്പോഴുമുണ്ടായിരിക്കുമെങ്കിൽ നിങ്ങളുടെ വീട്ടിൽ താമസിച്ചു ജോലിചെയ്യാൻ എനിക്കു സമ്മതമാണ്. ചേച്ചിയെ ഞാൻ എൻെറ ഹൃദയത്തെപ്പോലെ വിശ്വസിക്കുന്നു."

"അധൈര്യപ്പെടാതിരിക്കുക. സഹോദരിക്കുവേണ്ടി എന്നാൽ കഴിവതു ഞാൻ ചെയ്തുതരാം. പിന്നെയൊരു കാര്യം. എന്നെ എൻെറ പേര് ചൊല്ലി വിളിച്ചാൽ മതി. എനിക്കു ചേച്ചിയെന്നും നിങ്ങളെന്നും മററും കേൾക്കുമ്പോൾ നാണം തോന്നുന്നു. നാം സമപ്രായക്കാരല്ലേ? പിന്നെ ഈ ആദരപൂർവമുള്ള സംബോധനകൾ നിർബന്ധമാണെങ്കിൽ എൻെറ ശ്വശ്രുവിനോടായിക്കൊള്ളുക. അവർക്കു താനൊരു പ്രഭ്വിയാണെന്ന തണ്ടുണ്ട്. അവരെ തൃപ്തിപ്പെടുത്തേണ്ടതത്യാവശ്യവുമാണ്. അതു ശ്രദ്ധിച്ചാൽ മതി."

ഇത്രയും പറഞ്ഞശേഷം വളരെ സന്തോഷത്തോടുകൂടി അവൾ ശ്യാമയുടെ അടുത്തേയ്ക്കുപോയി. ബാലൻ മാതാവിനെ അനുഗമിക്കാതെ എൻെറ കൈകളിൽ പിടിച്ചുനിന്നു കളി തുടങ്ങി. സുഭാഷിണി തിരിച്ചുവന്നു. അമ്മയെ കണ്ട ഉടനെ ആ കുസൃതിക്കുട്ടൻ, "അമ്മ, ഉമുദത്തിൻെറ കൈ ആ മരപ്പുപോലുണ്ട്." എന്ന് ആഹ്ലാദത്തിമർപ്പോടെ കൊഞ്ചിക്കുഴഞ്ഞു. സുഭാഷിണി ചിരിച്ചുകൊണ്ട് എൻെറ കൈകൾ തലോടി. അതിനിടയിൽ എന്നോടു പറഞ്ഞു.

"നമുക്കു പോകാം. വണ്ടി തയ്യാറായിനിൽക്കുന്നു.' ഞാൻ ഇരുന്നിടത്തു നിന്നനങ്ങിയില്ല. "നിന്നെ വാരിയെടുത്തു കൊണ്ടുപോകാനുള്ള കരുത്തൊക്കെ എനിക്കുണ്ട്." എന്നെ പിടിച്ചെഴുന്നേൽപിച്ചു വണ്ടിയിൽ കൊണ്ടുപോയിരുത്തി. ആ ശ്രീമതി ഒരു തമാശക്കാരിതന്നെ. നേരത്തെ വെയിലത്ത് ഉണങ്ങാനിട്ടിരുന്ന എൻെറ കുപ്പായമെടുക്കാൻ പോലും അവർ സമ്മതിച്ചില്ല

ശ്യാമയും കൃഷ്ണദാസും ഞങ്ങളെ യാത്രയാക്കി.

# അഞ്ച്

സുഭാഷിണിയുടെ ഭർത്തൃഗൃഹം. ഒരു വലിയ ബംഗ്ളാവ്, കൊട്ടാരക്കെട്ടിന്റെ പ്രൌഢിയും പ്രതാപവും വിളംബരപ്പെടുത്തുന്ന സജ്ജീകരണങ്ങൾ!

എന്നെ അടുക്കളയിൽ ഇരുത്തി സുഭാഷിണിതന്നെ വിളമ്പിത്തന്നു. വെളുത്ത വസ്ത്രങ്ങൾ ധരിച്ച നാലഞ്ചു സ്ത്രീകൾ എന്നെ നോക്കി അവിടെ നിൽക്കുന്നുണ്ടായിരുന്നു. അയൽക്കാരികളായിരിക്കുമെന്നാണ് ഞാൻ കരുതിയത്. എന്നാൽ അവർ അവിടുത്തെ വേലക്കാരികളായിരുന്നു. അവർക്ക് ആഭരണങ്ങൾ അണിയാനും പുഷ്പങ്ങൾ ചൂടാനും പൊട്ടുകുത്താനും സാധാരണസ്ത്രീകളെപ്പോലെ വസ്ത്രധാരണം ചെയ്യാനുമുള്ള സ്വാതന്ത്ര്യം സുഭാഷിണി നൽകിയിരുന്നു. ഇഷ്ടതോഴികളോടെന്നപോലെയാണ് അവൾ അവിടുത്തെ വേലക്കാരികളോടു പെരുമാറിയിരുന്നത്.

ഭക്ഷണം കഴിഞ്ഞശേഷം സുഭാഷിണി എന്നെ കൂട്ടിക്കൊണ്ടുപോയത് അവളുടെ ഭർത്തൃമാതാവിന്റെ സമീപത്തേയ്ക്കാണ്. മുക്കാലും നരച്ചുകഴിഞ്ഞ തലമുടി, സ്ഥൂലിച്ച ദേഹം, സ്വർണ്ണവർണ്ണമായ മുഖം—ഒററ നോട്ടത്തിൽ എന്റെ മനസ്സിൽ ഇങ്ങനെയൊരു ചിത്രം തങ്ങിനിന്നു. വില പിടിച്ച ആടയാഭരണങ്ങൾ ധരിച്ചു മണിമഞ്ചത്തിൽ ശയിക്കുന്ന ആ വൃദ്ധസ്ത്രീയുടെ കാലുകൾ ഒരു വേലക്കാരി തിരുമ്മുന്നുണ്ടായിരുന്നു. ഞാൻ ആ സ്ത്രീയുടെ മുമ്പിൽ സാഷ്ടാംഗനമസ്ക്കാരം ചെയ്തു.

"ഇവൾ ആരാ മകളെ?" ആ മാതാവു സുഭാഷിണിയോടു ചോദിച്ചു.

"പാചകവേലയ്ക്ക് ഒരു സ്ത്രീയെ വേണമെന്ന് അമ്മ പറഞ്ഞില്ലേ? "

വൃദ്ധ സമ്മതസൂചകമായി തല കുലുക്കി.

"അതിന്നു കൊണ്ടുവന്നതാണ്? ''

" എവിടെനിന്ന്? "

" ഇളയമ്മയുടെ വീട്ടിൽനിന്ന്."

" ഇവർക്കെന്തു ശമ്പളം വേണം?"

" അമ്മേ അതു ഞാൻ ചോദിച്ചില്ല."

"ഇക്കാലത്തെ പെണ്ണുങ്ങളെല്ലാം ഇങ്ങനെതന്നെ. വേണ്ടതുമാത്രം ചോദിക്കില്ല. വേലയ്ക്കുകൊണ്ടുവന്ന പെണ്ണിനോടു ശമ്പളക്കാര്യം ചോദിക്കില്ല. വേലയ്ക്കു കൊണ്ടുവന്ന പെണ്ണിനോടു ശമ്പളക്കാര്യം ചോദിച്ചില്ല പോലും. പിന്നെയെന്തു ശമ്പളക്കാര്യമാണീ ചോദിച്ചത്? '

വൃദ്ധ അരിശപ്പെടാനുള്ള പുറപ്പാടാണ്. ഞാൻ സവിനയം ഉണർത്തിച്ചു.

"അമ്മ എന്തുതന്നാലും ഞാൻ സസന്തോഷം സ്വീകരിച്ചുകൊള്ളാം '

വൃദ്ധ അൽപം ആലോചിച്ചു. പിന്നീടിങ്ങനെ പറഞ്ഞു.

"ചെലവുകഴിച്ചു മൂന്നു രൂപ. സമ്മതമാണോ?''

" അമ്മയുടെ ഇഷ്ടം"

സുഭാഷിണി പല പ്രാവശ്യം പറഞ്ഞിരുന്നു. ശ്വശ്രുവിൻെറ അപ്രീതിക്ക് പാത്രമാവരുതെന്ന്. എൻെറ സംഭാഷണവും അവർക്കിഷ്ടമായി. എന്നാൽ ആ കിഴവി സാധാരണക്കാരിയായിരുന്നില്ല.

എന്നോടു മറെറാരു ചോദ്യം.

"നിനക്കെന്തു പ്രായമുണ്ട്? രാത്രിയായതുകൊണ്ട് ഞാൻ തെളിഞ്ഞു കാണുന്നില്ല. നിൻെറ ശബ്ദംകേട്ടിട്ടു ഒരു യുവതിയാണെന്നു തോന്നുന്നല്ലോ."

"എനിക്കു പത്തൊൻപതാമത്തെ വയസ്സാണ്."

അതു കേൾക്കേണ്ട താമസം എഴുന്നേററിരുന്നുകൊണ്ടു അവർ പറഞ്ഞു.

"അയ്യയ്യോ! വേണ്ട വേണ്ട. നീ മറെറവിടെ യെങ്കിലും പോയ്ക്കൊ. ആരെ നിർത്തിയാലും ഒരു യുവതിയെ വേലയ്ക്കു നിശ്ചയിക്കുന്നത് എനിക്കു ഇഷ്ടമല്ല"

"എന്താണമ്മേ, യുവതികൾ വേലചെയ്യുകയില്ലേ ? "സുഭാഷിണി മയപ്പെടുത്താൻ ശ്രമിച്ചു.

"അവൾ പോയ്ക്കൊള്ളട്ടെ" വൃദ്ധ തീർത്തു പറഞ്ഞു.

"ഏതായാലും ഇന്നുരാത്രി ഇവിടെ കഴിയട്ടെ. നാളെ രാവിലെ തന്നെ പറഞ്ഞയച്ചേക്കാം. ആരുമില്ലാത്തൊരു പെൺകുട്ടി." അങ്ങനെ പറഞ്ഞുകൊണ്ടു സുഭാഷിണി എന്നെ അവളുടെ കിടപ്പറയിൽ കൂട്ടിക്കൊണ്ടു പോയി.

"ഇതെന്തൊരു കുറച്ചിലാണ്. കരയാതെ!" ആ കൃപാവതി എന്നെ ശാസിച്ചു. ഒരു ടവ്വൽകൊണ്ടു എൻെറ മുഖം തുടച്ചു.

"ഞാനെന്തെല്ലാം ആരോപവാക്കുകളാണ് കേട്ടത്. എന്നെ വിടു. ഞാൻ പോകട്ടെ." ഞാൻ പറഞ്ഞു.

"നീ എവിടെ പോകും?"

"ഞാൻ ഗംഗയിൽ ചാടി ആത്മഹത്യ ചെയ്യും."

"എന്ത്!" ആ സഹോദരി നടുങ്ങിപ്പോയി.

അവളുടെ മുഖത്തു ഭീതിപരിതാപങ്ങൾ നിഴലിച്ചു കണ്ടു. ഒരു നിമിഷം എന്തോ ആലോചിച്ചശേഷം അവൾ

ഭർത്താവിനെ കൂട്ടിക്കൊണ്ടുവരാൻ ഒരു തോഴിയെ പറഞ്ഞയച്ചു.

"ആരെ കൂട്ടിക്കൊണ്ടുവരാനാണ് നിങ്ങൾ ആളയച്ചത്? നിങ്ങളുടെ ഭർത്താവിനെയോ?"—ഞാൻ ചോദിച്ചു.

"അതേ."

"അദ്ദേഹം വരുമ്പോൾ ഞാൻ........."

"അദ്ദേഹവും ഒരു മനുഷ്യനാണ്. ഇവിടെത്തന്നെ ഇരിക്കുക. ഏതായാലും ആത്മഹത്യയ്ക്കൊരുമ്പെട്ടിരിക്കുകയല്ലേ? അതിനു മറ്റെവിടെയും സ്ഥലമില്ലാഞ്ഞിട്ടു കൽക്കത്തയിൽത്തന്നെ വന്നിരിക്കുകയാണല്ലോ. സഹോദരി, നിങ്ങളുടെ മരണം ഒരു പുരുഷപുംഗവന്റെ ജീവിതത്തെ ക്ലേശമയമാക്കുമെന്ന കാര്യം മറന്നുപോയോ?"

"എന്ത്? ഒരു പുരുഷപുംഗവന്റെ ജീവിതമോ?"

ഒന്നും മനസ്സിലാകാതെ ഞാൻ പെട്ടെന്നു ചോദിച്ചു. സുഭാഷിണി തുടർന്നു:

"സർവഗുണസമ്പന്നനായ ഒരു പുരുഷനെ വിധികർത്താവ് സൃഷ്ടിച്ചിട്ടുണ്ടെന്ന് നിങ്ങളെ കണ്ടപ്പോൾ എനിക്കു മനസ്സിലായി. അങ്ങനെയൊരാളെ സൃഷ്ടിക്കാതെ നിശ്ചയമായും നിങ്ങളെ ഭൂമിയിലയക്കുകയില്ല."

സുഭാഷിണി എന്റെ പ്രിയതമന്റെ കാര്യമാണോർമ്മപ്പെടുത്തിയത്. അതെന്നെ വല്ലാതെ നൊമ്പരപ്പെടുത്തി. ഞാൻ മറുപടി പറയാനാവാതെ വിഷമിച്ചു. അപ്പോഴാണ് സുഭാഷിണിയുടെ ഭർത്താവ് അവിടെ കടന്നുവന്നത്.

"എന്നെ എന്തിനാണന്വേഷിച്ചത്?" ആ ശാന്തഗംഭീരൻ പ്രിയതമയോടു ചോദിച്ചു. മുറിയിൽ കടന്ന ഉടനെ അദ്ദേഹം കണ്ടത് എന്നെയാണ്. ഒരു പരിചയവുമില്ല.

"നമസ്തേ" അദ്ദേഹം എന്നെ വന്ദിച്ചു. "ഇവർ ആര്?" ഭാര്യയോടു ചോദിച്ചു.

"ഇവരോ? അതു പറയാം. അതിന്നുമുമ്പ് അങ്ങയെ ആളയച്ചുവരുത്തിയതു എന്തിനാണെന്നറിയാമോ? ഈ സഹോദരിയെ ചെറുതായൊന്നു സഹായിക്കണം."

"ഞാനോ?"

"നമ്മുടെ പാചകക്കാരി വാസന്തി താമസിയാതെ പിരിഞ്ഞുപോകയാണല്ലോ. അവർക്കു പകരം ഈ സഹോദരിയെ..."

സുഭാഷിണി പറഞ്ഞുതീർന്നില്ല. അതിന്നുമുമ്പു അദ്ദേഹം കടന്നു ചോദിച്ചു.

"അതിന്നു ഞാനെന്തുവേണം?"

"അമ്മ സമ്മതിക്കുന്നില്ല."

"എന്തുകൊണ്ട്?"

"യുവതിയായതുകൊണ്ട്."

അദ്ദേഹം ചിരിച്ചുകൊണ്ടു പറഞ്ഞു: "അതിന്നു ഞാൻ ഇവിടം വിട്ടു പോകേണ്ടിവരുമോ?"

"കളിയൊക്കെ പിന്നെയാവാം. ഈ യുവതിയെ ഇവിടെ താമസിപ്പിക്കണം."

"അമ്മ......?"

അദ്ദേഹം അമ്മയെപ്പററി പറയാൻ ഭാവിച്ചപ്പോഠം സുഭാഷിണി, ഞാൻ കേഠംക്കരുതെന്നു കരുതി ചെവിയിൽ മന്ത്രിച്ചു.

"ഇത് എൻെറ അജ്ഞയാണ്."

പറഞ്ഞത് എനിക്കുകൂടി കേഠംക്കാമായിരുന്നു.

"ആജ്ഞയാണെങ്കിൽ നിറവേററാതൊക്കുമോ?"

അതേ സ്വരത്തിൽ അദ്ദേഹവും ചെവിയിൽ പറഞ്ഞു.

"എപ്പോഴ്?" സുഭാഷിണി ചോദിച്ചു.

"ആഹാരം കഴിയുമ്പോൾ." അതും പറഞ്ഞു അദ്ദേഹം ഭാര്യയെ നോക്കി പുഞ്ചിരിച്ചുകൊണ്ട് അവിടംവിട്ടു.

രമണബാബു ഒൻപതുമണിയായപ്പോൾ ഭക്ഷണത്തിനിരുന്നു. അദ്ദേഹത്തിൻെറ മാതാവും കൂടെയുണ്ടായിരുന്നു.

"വരൂ, സംഭവങ്ങളെന്തെല്ലാമെന്നു കാണാമല്ലോ" എന്നു പറഞ്ഞുകൊണ്ട് സുഭാഷിണി എൻെറ കൈപിടിച്ചു അടുത്ത മുറിയിലേയ്ക്കുപോയി. ഞങ്ങൾ ജനാലയിൽകൂടി നോക്കി നിന്നു.

വെള്ളിത്തളികകളിൽ ഒരു പരിചാരിക അദ്ദേഹത്തിൻെറ മുമ്പിൽ പലതരം വിഭവങ്ങൾ നിരത്തിവച്ചു. രമണബാബു ഒരു പാത്രത്തിലെ കറി തൊട്ടു നാക്കിൽവച്ചു; പെട്ടെന്നു മുഖം ചുളിച്ചു. മറെറാരു കറി രുചിച്ചുനോക്കി, വെറുപ്പോടെ ദൂരേയ്ക്കു തുപ്പി.

"എന്താ രമണ!" അടുത്തിരുന്ന മാതാവ് അന്വേഷിച്ചു.

"നായ്ക്കൾക്കുപോലും രുചിക്കാത്ത കറികൾ!" രമണബാബു എഴുന്നേററുകഴിഞ്ഞു.

"ഇങ്ങനെയാണെങ്കിൽ നാളെമുതൽ എനിക്കു ഭക്ഷണം കരുതേണ്ട."

അയാൾ കൈകഴുകുന്നതിനിടയിൽ കോപത്തോടെപറഞ്ഞു.

"രമണ, നാളത്തെ പാചകം വേറെ ആരെക്കൊണ്ടെങ്കിലും ചെയ്യിക്കാം. മകനേ, ഇപ്പോൾ വല്ലതും കുറച്ചുകഴിക്കൂ."

അതു കേൾക്കാൻ അയാൾ അവിടെ നിന്നില്ല.

സുഭാഷിണിയുടെ സുന്ദരവദനം തുടുത്തു. അവൾ ഒരു കൊച്ചുകുട്ടിയെപ്പോലെ എൻെറ തോളിൽ കൈകളിട്ടു. അവൾ ഉല്ലാസത്തോടെ മൊഴിഞ്ഞു.

"നമ്മൾ അദ്ദേഹത്തിൻെറ ആഹാരം മുടക്കി. സാരമില്ല. ഒരു കാര്യം സാധിക്കാനല്ലേ? വരൂ. നമുക്കു കിടപ്പറയിലേയ്ക്കുതന്നെ പോകാം. ഇപ്പോൾ എന്നെ വിളിക്കാൻ ആരെങ്കിലും വരും."

കിടപ്പറയിൽ പ്രവേശിച്ചതേ ഉള്ളൂ. പരിചാരിക എത്തിക്കഴിഞ്ഞു.

"കൊച്ചമ്മയെ വല്യമ്മ വിളിക്കുന്നു."

സുഭാഷിണി എന്നെ തനിച്ചിരുത്തി ശ്വശ്രുവിൻെറ അടുത്തേയ്ക്കു പോയി. അവരുടെ സംഭാഷണം ഞാൻ ശ്രദ്ധിച്ചു.

"ആ പെണ്ണു പോയോ?" വൃദ്ധയുടെ ശബ്ദം.

"പോകാൻ ഭാവിക്കുകയാണ്." സുഭാഷിണിയുടെ മറുപടി.

"അവൾ നല്ലപോലെ പാചകം ചെയ്യുമോ?"

"എനിക്കറിഞ്ഞുകൂടാ."

"ഒരു ദിവസം അവളുടെ പാചകം എങ്ങനെയുണ്ടെന്നു നോക്കരുതോ?"

"അമ്മയുടെ ഇഷ്ടം."

"നന്നായെങ്കിൽ കൂടുതൽ ശമ്പളം കൊടുക്കാം; ഇവിടെ താമസിപ്പിക്കുകയും ചെയ്യാം."

"ഞാൻ ഈ വിവരം അവളോടു ചെന്നു പറയാം." സുഭാഷിണി വൃദ്ധയുടെ കൺമുമ്പിൽ നിന്നു മറഞ്ഞയുടട

നെ ഓട്ടമായിരുന്നു. എൻെറ സമീപത്തു വന്നു ഗൌരവത്തി ലൊരു ചോദ്യം.

"നിങ്ങഠം ഭംഗിയായി ഭക്ഷണം പാകം ചെയ്യുമോ?"

"അക്കാര്യം ഞാൻ പറഞ്ഞുകഴിഞ്ഞതല്ലോ. "

"മായി! ഞാൻ അമ്മയുടെ ചോദ്യം ആവർത്തിക്കുക യായിരുന്നില്ലേ? വല്ലതും അറിയാതെ വന്നാൽ ഒട്ടും മടിക്കേണ്ട. എന്നോടു ചോദിച്ചോളൂ. ഞാൻ പറഞ്ഞുതരാം." അടുത്ത ദിവസം ഞാൻ പാചകവേലയിലേർപ്പെട്ടു. കൂടെത്തന്നെ സുഭാഷിണിയുമുണ്ട്. ഞാൻ മുളകു വറുത്തു തുടങ്ങി. അവഠം തുമമിക്കൊണ്ടു പുറത്തേയ്ക്കോടി. കുറേ കഴിഞ്ഞ പ്പോഠം വീണ്ടും വന്നു.

"എനിക്കു മനസ്സിലായി. എന്നെ ഇവിടെനിന്നു ഓടി ക്കാനുള്ള വിദ്യയാണല്ലേ.?" അവഠം ചിരിച്ചുകൊണ്ടു പറഞ്ഞു. സുഭാഷിണിയുടെ മക്കളായിരുന്നു ആദ്യം ആഹാരംകഴിക്കാൻ വന്നത്. മകൻ വളരെ കുറച്ചേ ഭക്ഷിച്ചുള്ളു. അവഠംക്കൊരു മകളുമുണ്ട്; അഞ്ചുവയസ്സുള്ള ചെല്ലകുട്ടി. "ഇന്നു ഭക്ഷണം എങ്ങനെയിരിക്കുന്നു?" സുഭാഷിണി മകളോടു ചോദിച്ചു.

"വളരെ നന്നായിരിക്കുന്നു !"– അവഠം പാടിത്തുടങ്ങി.

"ആഹാരം കഴിക്കുമ്പോഴാണോ നിൻെറ പാട്ട്. അടങ്ങി യിരിക്കണം." അവർ താക്കീതു ചെയ്തു.

അതിനുശേഷം രമണബാബു ഉണ്ണാനിരുന്നു. പതിവു പോലെ അടുത്തു മാതാവും ഇരിക്കുന്നുണ്ട്. ഞാൻ അവരെ നോക്കിക്കൊണ്ടു മറഞ്ഞുനിന്നു. തൻെറ പുത്രൻ എല്ലാ കറികളും കൂട്ടി തൃപ്തിയോടെ ആഹാരം കഴിക്കുന്നതു കണ്ട പ്പോഠം വൃദ്ധയുടെ ചുക്കിച്ചുളിഞ്ഞ മുഖം അൽപം വിക സിച്ചു. ഉണ്ടെഴുന്നേൽക്കുമ്പോഠം രമണബാബു അമമയോടു പറഞ്ഞു.

"ഇന്നത്തെ ഭക്ഷണം നന്നായിരിക്കുന്നു."

അനന്തരം ഗൃഹനായികയായ വൃദ്ധ ഉണ്ണാനിരുന്നു. സുഭാഷിണി പറഞ്ഞതിനാൽ ഞാൻ തന്നെ അവർക്കു വിളമ്പി ക്കൊടുത്തു. ഉണ്ണുന്നതിനിടയിൽ അവർ വാൽസല്യത്തോടെ ചോദിച്ചു.

"ഇങ്ങനെ പാകം ചെയ്യാൻ നീ എവിടെനിന്നാ കുഞ്ഞേ പഠിച്ചത്?"

"എന്റെ വീട്ടിൽനിന്നുതന്നെ."

"കുട്ടിയുടെ വീട് എവിടെയാ?"

ഞാനെന്റെ സ്വദേശത്തിന്റെ പേരുപറയാതെ മറെറാരു പേര് പറഞ്ഞുകൊടുത്തു.

"നിന്റെ പാചകം വളരെ നന്നായിരിക്കുന്നു"

ഞാൻ തല കുനിച്ചു നിൽക്കുക മാത്രം ചെയ്തു.

"നീ രാജകുടുംബത്തിൽപെട്ടവളോ പ്രഭുകുലത്തിൽ പിറന്നവളോ? അവരുടെ കണ്ണുകൾ എന്റെ മുഖത്തുതന്നെയായിരുന്നു."

"പ്രഭുകുലത്തിൽ പിറന്നവൾ."

"പിന്നെ നീയെങ്ങനെ ഒരു വേലക്കാരിയായി?"

"ഒരത്യാപത്തിൽ അകപ്പെട്ടതുമൂലം." എങ്ങനെയോ ഞാൻ പറഞ്ഞൊപ്പിച്ചു.

"എങ്കിൽ, നീ ഇവിടെത്തന്നെ താമസിച്ചോളൂ." അതും പറഞ്ഞ് അവർ സുഭാഷിണിയെ അന്വേഷിച്ചു.

"ശുഭേ, കുമുദം ഒരു ധനവാന്റെ മകളാണ്. അവളുടെ കുടുംബമഹിമയ്ക്കു ചേർന്നവിധം നിങ്ങളെല്ലാം അവളോടു പെരുമാറണം. ആരും അനാദരം ഭാവിക്കരുത്".

സുഭാഷിണിയുടെ വസ്ത്രത്തിൽ പിടിച്ചു നില്ക്കുകയായിരുന്ന പുത്രൻ അതു കേട്ടു.

"ഉമുമ്മം തന്നവാംൻെറ മോളേം. എൻെറയോ?"

"നിൻെറ അമമമായി." സുഭാഷിണി മകനു പറഞ്ഞുകൊടുത്തു. അതു കേൾക്കേണ്ട താമസം പൊട്ടിച്ചിരിച്ചുകൊണ്ടു അവൻ ഉറക്കെപ്പറഞ്ഞു.

"ഉമുദം എൻെറമമമായി. ഉമുമ്മം എൻെറമമമായി."

ഒടുവിലാണ് ഞാനും സുഭാഷിണിയും ഉണ്ണാനിരുന്നത്. സുഭാഷിണി പറഞ്ഞു. "അമ്മയ്ക്കിന്നെന്തൊരു മാററമാണ്. അല്ലേ? നീയൊരു പ്രഭുകുമാരിയാണെന്നറിഞ്ഞതുകൊണ്ടെന്നുമല്ല കേട്ടോ. അവരുടെ മകൻ ഇന്നു സംതൃപ്തിയോടെ ഭക്ഷണം കഴിച്ചു. അതുകൊണ്ടാണ് ഈ ആദരവും സ്നേഹവുമൊക്കെ. പ്രിയം കൂടുമ്പോൾ വേതനവും കൂടും."

"വേതനക്കാര്യത്തിൽ എനിക്കത്ര വലിയ ആശയൊന്നുമില്ല. കിട്ടുന്നതു മുഴുവൻ ഞാൻ നിങ്ങളെ ഏല്പിക്കാം. അതു നിങ്ങൾ പാവങ്ങൾക്കായി ദാനം ചെയ്താൽമതി. നിങ്ങളുടെ എല്ലാവരുടെയും സ്നേഹവും സഹായവും എപ്പോഴും ഉണ്ടായിരിക്കണമെന്നേ എനിക്കപേക്ഷയുള്ളു."

ഇതായിരുന്നു എൻെറ മറുപടി.

# ആറ്

ഒരുദിവസം ആ വൃദ്ധ എന്നെ പുതിയൊരു ജോലി യേൽപിച്ചു; അവരുടെ മുടിയിലെ നരച്ചരോമങ്ങാം പിഴുതെടുക്കുക. പാചകം കഴിഞ്ഞാൽ സുഭാഷിണിയുമായി സംസാരിക്കുകയും അവളുടെ കുട്ടികളുമായി കളിക്കുകയും ചെയ്യാറുള്ള എനിക്കു പുതിയൊരു പണികൂടി! രണ്ടു മൂന്നു തലമുടി ഞാൻ പിഴുതെടുത്തു. സുഭാഷിണി അതുകണ്ടു. അവാം എന്നെ കൈ കാട്ടിവിളിച്ചു.

"എന്റെ അമ്മയുടെ തല തരിശാക്കാനുള്ള ഭാവമാണല്ലേ?"

അവാം ചിരിച്ചുകൊണ്ടു ചോദിച്ചു.

"അതെ. ഇന്നുതന്നെ അതങ്ങു തീർത്തേയ്ക്കാം."

"വേണ്ട. അദ്ദേഹത്തിനതു ഇഷ്ടമാകയില്ല."

"പിന്നെന്തു വഴി?"

"അങ്ങുമിങ്ങുമുള്ള ഏതാനും മുടികാം പറിച്ചെടുത്താൽ മതി."

"അവർ വിടുമോ?"

"ഇനി നരച്ചമുടിയൊന്നുമില്ലെന്നു പറയണം."

"ഈ പട്ടാപ്പകൽ കള്ളം പറയുകയോ? കരിങ്കുളം കൊള്ളക്കാർ പോലും—"

സംഭാഷണത്തിന്നിടയിൽ എന്റെ നാവിൽനിന്നു വീണു പോയ ആ വാക്കുകാം കേട്ടു നടുങ്ങിയതു ഞാൻതന്നെയാണ്. എന്റെ പരിഭ്രമം കണ്ടാവണം, അവാം തിരക്കി.

"കരിങ്കുളം കൊള്ളക്കാരോ? ആരാണവർ?"

"പറയാം. വേറൊരു ദിവസം പറയാം" ഞാൻ ഒഴിഞ്ഞു മാറി.

"അതാ അവരെന്നെ വിളിക്കുന്നു." അതും പറഞ്ഞു ഞാൻ വീണ്ടും വൃദ്ധയുടെ അടുത്തുചെന്നു. രണ്ടു മൂന്നെണ്ണം കൂടി പിഴുതെടുത്തു.

"ഇനി വെളുത്ത മുടിയൊന്നുമില്ല."

പുതുതായി വീട്ടിലാരെങ്കിലും വന്നാൽ നരമാററാൻ വല്ല വഴിയുമുണ്ടോ എന്നന്വേഷിക്കാറുള്ള വൃദ്ധയ്ക്ക് അതു വിശ്വാസമായില്ല.

"പഞ്ഞിപോലെ വെളുത്തു കഴിഞ്ഞുവെന്നാണല്ലോ മററു വേലക്കാരികൾ പറയാറുള്ളത്."

"അവരൊക്കെ അമ്മയെ കളിയാക്കി പറയുന്നതല്ലേ?" അതായിരുന്നു എൻെറ മറുപടി. അന്നുമുതൽ വൃദ്ധയ്ക്കു എന്നോടു വളരെ സന്തോഷമായി. ഇനി എല്ലാ ദിവസവും നരച്ചമുടി പറിച്ചെടുക്കലും എൻെറ ജോലിയാകുമല്ലോ എന്നു ഞാൻ ഭയന്നു. മുടി കറുപ്പിക്കുന്ന തൈലം ഒരുത്തിയെ അയച്ചു ഞാൻ വാങ്ങിച്ചു. ഗൃഹനായികയുടെ തലയിൽ അതു പുരട്ടിക്കൊടുത്തു. ആ കിഴവിയുടെ നരച്ചമുടി മുഴുവൻ കറുത്തുകഴിഞ്ഞു!

അന്ന് അത്താഴം കഴിഞ്ഞപ്പോൾ ഗൃഹനായിക എന്നെ വീണ്ടും വിളിച്ചു.

"നിത്യച്ചെലവുകൾ കഴിച്ച് മൂന്നു രൂപയല്ലേ നിനക്കു നിശ്ചയിച്ച ശമ്പളം? അതു പത്തു രൂപയായി ഉയർത്തിയിരിക്കുന്നു."

അങ്ങനെ പറഞ്ഞുകൊണ്ട് അവർ രണ്ടു വള സമ്മാനിച്ചു. മുഖക്കണ്ണാടിയിൽ സ്വന്തം രൂപം കണ്ടതിനുശേഷമുള്ള മാററം!

അടുത്ത ദിവസം രാവിലെ സുഭാഷിണി എന്നെ ഒരു മഞ്ചത്തിലിരുത്തി.

"കരിങ്കുളം കൊള്ളക്കാരെപ്പററി ഇപ്പോഠം പറയരുതോ?" ജിജ്ഞാസയോടെ ചോദിച്ചു.

"പറയാം." ഞാൻ ചിന്താമൂകയായിരുന്നു. അവഠം ചുമലിൽ തൊട്ടുണർത്തി. ഞാൻ പറഞ്ഞുതുടങ്ങി:

"എൻെറ അച്ഛൻ ഒരു ധനികനാണ്. ഇന്നും ജീവിച്ചിരിപ്പുണ്ട്. ശശുരൻ എൻെറ അമ്മാമൻ തന്നെയാണ്. ഇന്നദ്ദേഹവും സമ്പന്നനാണ്. കരിങ്കുളം കൊള്ളക്കാരാണ് എനിക്ക് ഈ നില വരുത്തിയത്."

സങ്കടം അണപൊട്ടിയൊഴുകി. സുഭാഷിണിയുടെ ദുർബലഹസ്തങ്ങഠക്കു ഒരുവിധത്തിലും അതിനെ തടഞ്ഞുനിർത്താനായില്ല. അവഠം എൻെറ കണ്ണുകഠം തുടച്ചുകൊണ്ടു പറഞ്ഞു.

"വിഷമം തോന്നുന്നുവെങ്കിൽ പറഞ്ഞതു മതി. ഭവതിയുടെ കഥ ഇത്ര വേദനാജനകമാണെന്നു ഞാനറിഞ്ഞിരുന്നില്ല."

"സ്വന്തം സഹോദരിയെപ്പോലെ സ്നേഹവാത്സല്യങ്ങഠം കാണിക്കുന്ന നിങ്ങളുടെ മുമ്പിലല്ലാതെ മററാരുടെ മുമ്പിലാണ് ഞാനെൻെറ ഹൃദയം തുറന്നുവയ്ക്കുക? എല്ലാം മറച്ചുവയ്ക്കാതെ നിങ്ങളെ അറിയിക്കണമെന്നാണെൻെറ ആഗ്രഹം." തുടർന്നു ഞാനെൻെറ കഥ മുഴുവൻ പറഞ്ഞു. അവഠം കരഞ്ഞുകൊണ്ടാണ് കേട്ടത്. എന്നോടൊരക്ഷരം ഇടയിൽക്കയറി ചോദിച്ചില്ല. ഞങ്ങഠം തമ്മിൽ പിന്നീടൊന്നും തന്നെ സംസാരിച്ചുമില്ല.

പിറേറന്നു ഞങ്ങഠം തമ്മിൽ ഇങ്ങനെയൊരു സംഭാഷണം നടന്നു.

"സഹോദരിയുടെ പിതാവിൻെറ പേര്?"

"മുൻഷി ഹരമോഹനദത്തബാബു."

"സ്വദേശം?"

"മഹേശപുരം"

"തപാലാപ്പീസ്?"

"തപാലാപ്പീസ്സോ? തപാലാപ്പീസുതന്നെ"

"അതല്ല. ആ സ്ഥലത്തിൻെറ പേർ പറയണം."

"അതെനിക്കറിഞ്ഞുകൂടാ."

"മഹേശപുരത്തിലോ മറേറതെങ്കിലും സ്ഥലത്തോ?"

"എനിക്കറിഞ്ഞുകൂടാ."

"ഞങ്ങളൊന്നു തീരുമാനിച്ചിരിക്കയാണ്."

"ഞങ്ങളോ? ഞങ്ങളെന്നുപറഞ്ഞാൽ...?"

"ഞാനും ര-ബാബുവും"

സുഭാഷിണി രമണബാബുവിൻെറ പേർ പറയേണ്ടിവന്നാൽ അങ്ങനെയേ പറയുകയുള്ളു.

"നിങ്ങൾ എന്നെ സംബന്ധിച്ചുള്ള എല്ലാകാര്യങ്ങളും'

"ര-ബാബുവിനെ ധരിപ്പിച്ചുകഴിഞ്ഞു"

"എന്നിട്ട്?"

"ഇന്നലെ സംസാരിച്ചതിൻെറ അടിസ്ഥാനത്തിൽ നിങ്ങളുടെ പിതാവിനൊരു കത്തയച്ചു."

എൻെറ സന്തോഷത്തിന്നതിരില്ലായിരുന്നു. ഇത്രയും നാൾ ഞാനെൻെറ ദുഃഖം കടിച്ചിറക്കുന്നതിനു പകരം ഇവരോടു എല്ലാം തുറന്നുപറഞ്ഞാൽ മതിയായിരുന്നു. ആ കത്തിന് എന്നു മറുപടി വരുമെന്നുള്ള ചിന്തയോടെ ഞാൻ നാളു

കൾ തള്ളിനീക്കി· ഒരുദിവസം ആ എഴുത്ത് തിരിച്ചുവന്നു തപാലാപ്പീസിൻെറ പേർ തെററായിരുന്നു. അതു തിരിച്ചെ ത്തിയ ദിവസം സുമോഷിണി മററൊരു മേൽവിലാസംആവശ്യ പ്പെട്ടു. ഭർത്താവിൻെറ പേരല്ലാതെ അതിൽ കൂടുതലൊന്നും എനിക്കറിഞ്ഞുകൂടായിരുന്നു. അതുകൊണ്ട് ഒരു കടലാ സിൽ ഉപേന്ദ്രബാബു എം. എ. എന്നെഴുതിക്കൊടുത്തു. ആ വിലാസത്തിൽ രമണബാബു എൻെറ ഭർത്താവിനും ഒരെഴു ത്തയച്ചു. വളരെ നാളുകൾ കാത്തിരുന്നു. ഒരു മറുപടിയും കിട്ടിയില്ല. ആ കത്തു മടങ്ങിവന്നുമില്ല. സന്താനഗോപാല കഥ ഓർത്തുപോയി.

ഞാൻ പലതും ചിന്തിച്ചു. എത്തുംപിടിയും കിട്ടാത്ത ചിന്തകൾ. കൊള്ളക്കാർ തട്ടിക്കൊണ്ടുപോയ എന്നെ മാതാപി താക്കന്മാർ സ്വീകരിക്കുകയില്ലെന്നും കുടുംബക്കാർ "ജാതി യിൽ കൂട്ടുക"യില്ലെന്നും എനിയ്ക്കു തോന്നി.

# ഏഴു്

പതിവില്ലാത്തവിധം, രമണബാബുവും പിതാവും മണി മാളികയുടെ ചുററും കണ്ണോടിച്ചുനിൽക്കുന്ന കാഴ്ചയാണ് ഞാൻ ഒരു ദിവസം രാവിലെ കണ്ടതു്. ബാൽക്കണിയിൽ പടർത്തിയ മണിപ്ലാൻറിൻെറ ഇലംവള്ളികൾ ഒരു വേലക്കാരൻ കത്രിച്ചു ഭംഗിയാക്കുന്നു. വാതിലിൻെറയും ജാലകത്തിൻെറയും തിരശ്ശീലകളും മരംകൊണ്ടുള്ള വീട്ടുസാമാനങ്ങളുടെ മേശവിരികളും തട്ടിക്കുടഞ്ഞു വൃത്തിയാക്കുന്നു. ഗ്രീഷ്മസന്ധ്യയുടെ വർണ്ണഭംഗി കലർന്ന സുഭാഷിണി ആലസ്യത്തിൻെറ തീരങ്ങളിൽ മയങ്ങിക്കിടക്കുന്ന വേലക്കാരികളെ വിളിക്കുകയും പല ജോലികളും നിർദ്ദേശിക്കുകയും ചെയ്യുന്നു. ഞാൻ എൻെറ കൂട്ടുകാരിലൊരുവളായ ഹീരയോടു ഈ ബദ്ധപ്പാടിനുള്ള കാരണമാരാഞ്ഞു.

കൽക്കത്തയിലെ ഒരഭിഭാഷകപ്രമാണിയാണ് രമണബാബു. അദ്ദേഹത്തിൻെറ പഴയ ഒരു കക്ഷി എന്തോ കാര്യത്തിന്നു നഗരത്തിലെത്തിയിരിക്കുന്നു. ഇന്നുച്ചയ്ക്ക് ആ ധനികനെ ഇവിടെ ഉണ്ണാൻ ക്ഷണിച്ചിട്ടുണ്ട്. രമണബാബുവും പിതാവും പലപ്പോഴും ആ പ്രഭുവിൻെറ വീട്ടിൽ പോകാറുള്ളതാണ്. രണ്ടു മാസം മുമ്പുകൂടി വലിയ യജമാനൻ അവിടെ പോയി താമസിച്ചിരുന്നു. ഇത്രയും കാര്യങ്ങളാണ് അന്വേഷണത്തിൽ അറിവായതു്.

അവിടത്തെ ഒരുക്കങ്ങൾ കണ്ടപ്പോൾ ഒരു വിശിഷ്ടാതിഥിയെയാണ് അവർ സ്വീകരിക്കാൻ പോകുന്നതെന്ന് എനിക്കു മനസ്സിലായി. ഇന്നത്തെ പാചകം നന്നായിരിക്കണമെന്നും

ഞാൻതന്നെ അതു നിർവ്വഹിക്കണമെന്നും സുഭാഷിണി എന്നെ വിളിച്ചുപറഞ്ഞു.

പന്ത്രണ്ടു മണിയായി. പൂമുഖത്ത് ആരൊക്കെയോ വരികയും പോവുകയും ചെയ്യുന്നു. സ്വീകരണമുറിയിൽ കുശലപ്രശ്നങ്ങളും അടക്കിപ്പിടിച്ച ചിരികളും. അടുക്കളയിൽ പാത്രങ്ങളുടെ കലപിലശബ്ദം, വേലക്കാരികളുടെ ഒച്ചപ്പാടുകൾ. സുഭാഷിണി എവിടെയുമുണ്ട്. ഇടയ്ക്കിടെ എന്നോടു പാചകകാര്യങ്ങളും അന്വേഷിച്ചിരുന്നു.

ഭോജനശാലയിൽ, അതിഥിയോടുകൂടി സുഭാഷിണിയുടെ ഭർത്താവും ഭർത്തൃപിതാവും ഉണ്ണാനിരുന്നു. വിളമ്പിക്കൊടുക്കേണ്ട ജോലി വാസന്തി എന്ന പരിചാരികയുടേതായിരുന്നു. ഞാൻ പാചകശാലയിൽത്തന്നെ നിന്നു. ഹീര ചിരിച്ചുകൊണ്ട് എന്നോടു പറഞ്ഞു.

"രമണബാബുവിന്റെ കൈയിലാണ് വാസന്തി പരിപ്പു വിളമ്പിയത്."

"എന്താണ്?"

"രമണബാബു പരിപ്പു വേണ്ടെന്നു വിലക്കാൻ കിണ്ണത്തിൽ കൈവച്ചതായിരുന്നു. വാസന്തി ചൂടോടെ അതു കൈയിലൊഴിച്ചുകൊടുത്തു."

ഞാനും ചിരിച്ചുപോയി.

"കുമുദത്തോടു വന്നു വിളമ്പാൻ പറയൂ." രമണബാബുവിന്റെ പിതാവിന്റെ കൽപന.

പുരുഷൻമാർക്കു വിളമ്പി ശീലമില്ലാത്ത ഞാൻ സുഭാഷിണിയുടെ ഉപദേശമനുസരിച്ചു ഭോജനശാലയിലേയ്ക്കു പോയി. ഉടുത്ത വസ്ത്രത്തിന്റെ അററംകൊണ്ടു തലമറച്ചു കൈയിൽ ചോററുപാത്രവുമായി കടന്നുചെന്ന ഞാൻ ആരും

കാണാതെ വിശിഷ്ടാതിഥിയെ ഒന്നു നോക്കി. അദ്ദേഹവും എന്നെ നോക്കി. കണ്ണുകൾ തമ്മിലിടഞ്ഞു. ഒരിക്കലല്ല, പല തവണ. ഞാൻ കുറേ ചോറ് അദ്ദേഹത്തിന്റെ പാത്രത്തിൽ വിളമ്പി തിരക്കിട്ടു പാചകമുറിയിലേക്കു കടന്നുകളഞ്ഞു.

അത്യഗാധമായ സമുദ്രജലം ചുഴലിക്കാററിനാൽ ഓളമടിക്കാൻ ഭാവിക്കുന്നതു പോലെയൊരനുഭവം. വിവാഹിതയാണെങ്കിലും ഞാൻ പ്രിയതമനെ കണ്ടതു വിവാഹദിവസം മാത്രമാണ്. മധുരസ്വപ്നത്തിന്റെ നാളുകൾ വാടിക്കരിയുകയാണുണ്ടായത്. ഇപ്പോൾ ആരെന്നറിയാത്ത ഒരാൾക്കു ഹൃദയം പണയപ്പെടുന്നു. മധുരിക്കുന്ന അസ്വസ്ഥതകൾ നിറഞ്ഞ നിമിഷങ്ങൾ!

"കറിവേണം" രമണബാബുവിന്റെ പിതാവു വിളിച്ചു പറഞ്ഞു. ഞാൻ എല്ലാ കറികളും വിളമ്പി.

"പച്ചക്കറികളും മൽസ്യമാംസങ്ങളും പാകം ചെയ്തതു നന്നായിരിക്കുന്നു.' എന്നെ കണ്ട അതിഥി ഗൃഹനാഥനോടുപറഞ്ഞു.

"ഇതെല്ലാം ഇവൾ തയ്യാറാക്കിയതാണ്." എന്നെ ചൂണ്ടിക്കൊണ്ടു ഗൃഹനാഥൻ അഭിപ്രായപ്പെട്ടു. വിശിഷ്ടാതിഥി എന്റെ മുഖത്തേക്കു നോക്കി. ലജ്ജകൊണ്ടു ഞാൻ മുഖം തിരിച്ചുകളഞ്ഞു.

"ഞങ്ങൾ പാകം ചെയ്യുന്നതുപോലെയാണ് ഇവിടത്തെയും ഉരുളക്കിഴങ്ങുകറി ഉണ്ടാക്കിയിട്ടുള്ളത്." അതിഥിയാണതു പറഞ്ഞത്.

അവ്യക്തമായൊരു ശങ്ക എന്നിൽ തലയുയർത്തി. അദ്ദേഹത്തിന്റെ മുഖം അടുത്തുകാണാൻ ഞാൻ ഉരുളക്കിഴങ്ങുകറി കുറേക്കൂടി അദ്ദേഹത്തിനു വിളമ്പിക്കൊടുത്തു. എന്റെ കണ്ണുകൾ വടിവൊത്ത ആ മുഖത്തു തത്തിക്കളിക്കുമ്പോൾ അദ്ദേഹ

ത്തിന്റെ മിഴികൾ എന്നെ പതുക്കെപ്പതുക്കെ ഉഴിയുകയായിരുന്നു. എന്റെ സംശയം മാറി.

"ഒന്നുരണ്ടു മാസമായി അങ്ങയുടെ ഭവനത്തിൽ പാകം ചെയ്യുന്നതുപോലെയാണ് ഇവിടത്തെയും പാചകം."

രമണബാബുവിന്റെ പിതാവ് പറഞ്ഞു.

"പാചകക്കാരി ആരാണ്?" അയാൾ അന്വേഷിച്ചു.

"ഇവൾതന്നെ."

അതുകേട്ട വിരുന്നുകാരൻ എന്നോടു ചോദിച്ചു.

"നിന്റെ സ്വദേശം എവിടെയാണ്?"

മറുപടി പറയണോ? പറയാതിരിക്കണോ? പറയേണ്ടതു സത്യമോ കപടമോ? തെല്ലുനേരം ആലോചിച്ചുനിന്നു. ഒടുവിൽ, "കരിങ്കുളത്തിനു സമീപമുള്ള ഒരു ഗ്രാമമാണ് എന്റെ ജന്മദേശം." എന്നുമാത്രം പറഞ്ഞു.

"കരിങ്കുളത്തിനു സമീപമോ? പകൽക്കൊള്ളക്കാരുടെ വിഹാരരംഗമായ കരിങ്കുളത്തിനു സമീപം?"

ആ ചോദ്യം ഉത്കണ്ഠാകുലവും പരിഭ്രമസമ്മിശ്രവുമായിരുന്നു.

"അതെ." മന്ദസ്വരത്തിൽ ദീർഘനിശ്വാസത്തോടു കൂടിയ മറുപടി.

ചോററുരുള കൈയിൽത്തന്നെ ഇരുന്നു. അഴലിന്റെ കരിനിഴൽ ആ മുഖത്തു തിരനോട്ടം നടത്തി. മിഴികൾ വിദൂരതയിൽ എന്തോ തിരഞ്ഞു. ഇടത്തുകൈകൊണ്ടു വീതിയേറിയ നെററി പലതവണ തടവി. രമണബാബുവും പിതാവും ഈ അവസ്ഥാന്തരം വീക്ഷിച്ചു.

"ഉപേന്ദ്രബാബു എന്താണ് ഭക്ഷണം കഴിക്കാത്തത്?" ഗൃഹനാഥൻ സംഭ്രമത്തോടെ അന്വേഷിച്ചു.

നിദ്രയിൽ നിന്നെന്നപോലെ അദ്ദേഹം ഞെട്ടി. ചുററും കണ്ണോടിച്ചു. പരിസരബോധം വീണ്ടുകിട്ടിയശേഷം

"ഓ, ഒന്നുമില്ല." എന്നുമാത്രം പറഞ്ഞു. ആ സ്വരം ഇട റിയിരുന്നു. അദ്ദേഹം വീണ്ടും ഭക്ഷിക്കാൻ തുടങ്ങി.

"ഉപേന്ദ്രബാബു, ഉപേന്ദ്രബാബു" ആ നാമം ഉരുവിട്ടു കൊണ്ടു ഞാൻ അടുക്കളയിലേയ്ക്കോടി. അദ്ദേഹത്തെ കണ്ട ഉടനെ എൻെറ ഭർത്താവാണതെന്ന് മനസ്സ് മന്ത്രിച്ചിരുന്നു. എന്നിട്ടും തലനാരിഴവണ്ണത്തിൽ സംശയം അവശേഷിച്ചു. ഇപ്പോൾ ആ പേർ കേട്ടതോടെ എൻെറ സകല സംശയങ്ങളും അപ്രത്യക്ഷമായി. കൈയിലുണ്ടായിരുന്ന പാത്രങ്ങൾ ഞാൻ കൊട്ടത്തളത്തിൽ വലിച്ചെറിഞ്ഞു. ചിലതു താഴെവീണ് ഉച്ചത്തിൽ ശബ്ദിച്ചു.

"കണ്ടെത്തി, കണ്ടെത്തി." അതായിരുന്നോ ആ ശബ്ദ ത്തിൻെറ അർത്ഥം ?

"എന്താണവിടെ കേൾക്കുന്നത്?" ഗൃഹനാഥൻ വിളി ച്ചുചോദിച്ചു.

"കുമുദം പാത്രങ്ങൾ നിലത്തും തളത്തിലും വലിച്ചെ റിഞ്ഞു."

വാസന്തി സത്യം മറച്ചുവച്ചില്ല.

സുഭാഷിണി ചിരിച്ചുകൊണ്ടു എൻെറ സമീപത്തു വന്നു. സന്തോഷംകൊണ്ട്, ലജ്ജകൊണ്ട്, എൻെറ മുഖം കുനിഞ്ഞു.

"എന്താ ഇന്നിത്ര സന്തോഷം? വിളമ്പി വിജയം നേടി യതിലുള്ള സംതൃപ്തിയാണോ? നിങ്ങളെക്കൊണ്ട് വിളമ്പി ക്കാൻ ഞാനാണ് നിർബന്ധിച്ചത്. ഹോ, അതിനെത്ര പാടുപെട്ടു!"

മുഖം ഒരുഭാഗത്തു ചരിച്ചു വലത്തുകണ്ണുയർത്തി സ്നേഹവും സന്തോഷവും ഒതുക്കി ഞാൻ സുഭാഷിണിയെ തന്നെ സാകൂതം വീക്ഷിച്ചു.

# എട്ട്

അപാരവും അഗാധവുമായ അലയാഴിയിൽ ആണ്ടുപോയ അമൂല്യവസ്തു നിനക്കു തിരിച്ചുകിട്ടിയിരിക്കുന്നു—എന്റെ ഹൃദയം മന്ത്രിച്ചു. അതിനെ ഒരുവിധത്തിലും കൈവിട്ടു കളയരുത്—അതാവർത്തിച്ചു. ഭോജനശാലയിൽനിന്നു വെളിയിലേയ്ക്കു വരുമ്പോൾ അദ്ദേഹത്തിന് എന്നെ ഭംഗിയായി കാണാൻ കഴിയണം. അതിനുപററിയ ഒരു സ്ഥലത്തു ഞാൻ ചെന്നുനിന്നു രമണബാബുവാണ് ആദ്യം പുറത്തുവന്നത്. പുറകെ ഗൃഹനാഥൻ. അവർ രണ്ടുപേരും എന്നെ ശ്രദ്ധിച്ചില്ല അവർ പോയിക്കഴിഞ്ഞപ്പോൾ എന്റെ ഹൃദയനാഥൻ ഇറങ്ങിവരുന്നതുകണ്ടു. കാത്തുനിൽക്കുകയാണെന്നു തോന്നിക്കാതെ, അദ്ദേഹം വന്നവഴിയിലൂടെ എതിരേ ഞാൻ ചെന്നു. അതുവരെ എന്തോ തിരയുകയായിരുന്ന അദ്ദേഹത്തിന്റെ മിഴികൾ എന്റെ ദേഹത്തുനിന്നു പറിച്ചെടുക്കാൻ സാധിക്കാത്ത വിധം എന്നിൽ പതിച്ചു. പൊത്തിലിരിക്കുന്ന ഒരു സർപ്പം പത്തിവിടർത്തി കൊത്തുന്നതുപോലെ ഞാൻ ശിരോവസ്ത്രത്തിനിടയിൽക്കൂടി അദ്ദേഹത്തിന്റെ നേരെ കണ്ണെറിഞ്ഞു. വിഷമേററുകഴിഞ്ഞു. മുഖം കണ്ടാലറിയാം. രമണബാബുവിന്റെ പിന്നാലെ പോകാൻ അദ്ദേഹത്തിനു കാലുകൾ വലിയാതായി.

അദ്ദേഹം എന്നാണു തിരിച്ചുപോവുക എന്നറിയാൻ ഞാൻ ഹീരയുടെ സഹായം തേടി. ലക്ഷം രൂപ കിട്ടിയാലും അത്തരമൊരു സഹായം ചെയ്യാൻ ഹീര തയ്യാറല്ലായിരുന്നു. ഞാൻ സുഭാഷിണിയെ ശരണം പ്രാപിക്കാമെന്നുകരുതി.

“അദ്ദേഹം തന്നെയോ?”

സുഭാഷിണിയുടെ ഒരു മുഖവുരയുമില്ലാത്ത ചോദ്യം ! ഞാൻ ഞെട്ടിപ്പോയി.

"നിനക്കെങ്ങനെ മനസ്സിലായി?"

എനിക്കന്വേഷിക്കാതിരിക്കാൻ കഴിഞ്ഞില്ല. അവൾ പറഞ്ഞു.

"നിൻെറ ആത്മവല്ലഭൻ അവിചാരിതമായി വന്നുചേർന്നതാണെന്നായിരിക്കാം വിചാരം. അല്ലേ? ഞങ്ങൾ വീശിയ വലയിൽ അദ്ദേഹം അകപ്പെട്ടതാണ്. മനസ്സിലായോ?"

"എന്ത്?"

"എന്നോടു നീ ശ്വശുരനെക്കുറിച്ചും അദ്ദേഹത്തിൻെറ സ്വദേശത്തെക്കുറിച്ചും പറഞ്ഞിരുന്നില്ലേ? അതറിഞ്ഞപ്പോൾ തന്നെ ര—ബാബുവിന് ആളെ മനസ്സിലായി. നിൻെറ ഭർത്താവിൻെറ വക്കീലാണ് അദ്ദേഹം. നിലവിൽ കേസൊന്നുമില്ലായിരുന്നു. എന്നാലും വ്യവഹാരസംബന്ധമായ ചില കാര്യങ്ങൾ നേരിൽ സംസാരിക്കാനുണ്ടെന്നു ര—ബാബു എഴുതിയറിയിച്ചു. അങ്ങനെയാണ് നിൻെറ അദ്ദേഹം ഇവിടെ എത്തിച്ചേർന്നത്."

"അപ്പോൾ......എൻെറ രഹസ്യങ്ങൾ...അദ്ദേഹത്തെ..."
ഞാൻ പറഞ്ഞുതീർന്നില്ല. അതിനുമുമ്പേ അവൾ പറഞ്ഞു.

"അതെങ്ങനെ? നിന്നെ കൊള്ളക്കാർ എന്തു ചെയ്തുവെന്ന കാര്യം ആർക്കറിയാം! ഞങ്ങൾ എന്തുതന്നെ പറഞ്ഞാലും അദ്ദേഹം സ്വീകരിക്കുമോ? വിശ്വസിക്കുമോ? പരിഹസിക്കുകയാണെന്നല്ലാതെ വിചാരിക്കുമോ? അതിനാൽ അക്കാര്യം നിനക്കു വിട്ടുതരുന്നു."

"അദ്ദേഹത്തെ കണ്ടു സംസാരിക്കാൻ സാധിച്ചെങ്കിൽ..."

അർദ്ധോക്തിയിൽ ഞാൻ വിരമിച്ചു.

"നിശ്ചയമായും നിങ്ങൾ കണ്ടു സംസാരിക്കണം. എപ്പോൾ? എവിടെവച്ച്? ഒരു മടിയും വേണ്ട. പറഞ്ഞോളൂ."

"സഹോദരി, നിങ്ങഠം എനിക്കു ചെയ്തുതന്ന സഹായങ്ങഠം വിലപ്പെട്ടവയാണ്. അതിന്നു ഞാനെന്നും നിങ്ങഠംക്കു കടപ്പെട്ടിരിക്കുന്നു. അദ്ദേഹം താമസിക്കുന്നിടത്തു ഞാൻ ചെല്ലുന്നത് ഉചിതമല്ലെന്നാണു എനിക്കു തോന്നുന്നത്. അതുകൊണ്ട് ഈ ഭവനത്തിൽവച്ചു കണ്ട് സംസാരിക്കാനുള്ള സൗകര്യങ്ങഠം ചെയ്തുതരുമാറാകണം."

"എപ്പോഠം?"

"ഇന്നുതന്നെ രാത്രിയിൽ."

"ഞങ്ങളെക്കാഠം എന്തുകൊണ്ടും സമുന്നതനാണദ്ദേഹം. അകാരണമായി ഞങ്ങഠംക്ക് അദ്ദേഹത്തെ വീണ്ടും ക്ഷണിച്ചുകൂടാ; ക്ഷണിച്ചാൽ വരികയുമില്ല"

സുഭാഷിണി ഒരു വേലക്കാരിയെ രമണബാബുവിൻെറ അടുക്കൽ പറഞ്ഞുവിട്ടു. അവഠം പെട്ടെന്നു തിരിച്ചുവന്നു. അദ്ദേഹം ഒരു കുറിപ്പു കൊടുത്തയച്ചിരുന്നു. അതു സുഭാഷിണി വായിച്ചു.

"വ്യവഹാരം സംബന്ധിച്ച ഫയലുകഠം പരിശോധിക്കാൻ പകൽ സാധിക്കാഞ്ഞതിനാൽ രാത്രിയിൽ അങ്ങ് ഇവിടംവരെ ഒന്നു വരണമെന്നു ഞാൻ എഴുതി. അതനുസരിച്ചു അദ്ദേഹം രാത്രിയിൽ വരാമെന്നേററിട്ടുണ്ട്"

അതുകേട്ട ഞാൻ എൻെറയൊരെഴുത്ത് അദ്ദേഹത്തിൻെറ കൈയിൽ എത്തിക്കാൻ എന്തെങ്കിലും വഴിയുണ്ടോ എന്നു സുഭാഷിണിയോടു ചോദിച്ചു

അതും അവഠം ഒരുവിധം സമ്മതിച്ചു. ഞാൻ ഒരെഴുത്തെഴുതി. പലതവണ വായിച്ചുനോക്കി.

"ഞാൻ എൻെറ ഹൃദയവും ജീവനും അങ്ങയുടെ കാൽക്കീഴിൽ സമർപ്പിക്കുന്നു ഈ അനാഥയെ സനാഥയാ

ക്കാൻ കനിയുമോ? എങ്കിൽ അങ്ങ്, ഇന്നുരാത്രി ഈ ഭവനത്തിന്റെ തെക്കുവശത്തുള്ള മുറിയിൽ വാതിൽ തുറന്നിട്ടു കിടക്കണം.

അങ്ങയുടെ ഹൃദയം കവർന്ന പാചകക്കാരി”

ഈ എഴുത്തു സുഭാഷിണിയുടെ കല്പനപ്രകാരം ഹീരയാണു കൊണ്ടുപോയത്. എല്ലാം വിവരവും രമണബാബുവിനെ അറിയിക്കണമെന്ന് ഞാൻ നിർബന്ധിച്ചു. ഭർത്താവിനെ ആളയച്ചു വരുത്തി അവൾ സംഭവങ്ങൾ ഗ്രഹിപ്പിച്ചു.

ഏതാനും നിമിഷങ്ങൾ കഴിഞ്ഞു. ഹീര മടങ്ങിവന്നു. അവൾ ആ കത്തു തിരിച്ചേൽപിച്ചു. അതിന്റെ ഒരു കോണിൽ “ശരി” എന്നെഴുതിയിരുന്നു. അളവററ ആഹ്ളാദത്തോടെ ഞാനവളെ ആശ്ളേഷിച്ചു. അർദ്ധരാത്രിയിൽ എന്നോടൊത്തു അദ്ദേഹത്തിന്റെ മുറിവരെ വരാനും ഹീരയെ ചട്ടംകെട്ടി.

സുഭാഷിണി എന്നെ അവളുടെ വാസഗൃഹത്തിൽ ഒരു മഞ്ചത്തിലിരുത്തി. മുഖം കഴുകിച്ചു. അവളുടെ സാരികൊണ്ടു തുടച്ചു. സുഗന്ധദ്രവ്യം തേച്ചു തലമുടി ഭംഗിയാക്കി മുടിക്കെട്ടിൽ പുമാലകളണിയിച്ചു. പെട്ടിയിൽനിന്ന് ഒരു പട്ടുസാരിയെടുത്തു ഒരു കുട്ടിയെന്നപോലെ അവൾ എന്നെ ഉടുപ്പിച്ചു. രത്നമാലകൾ അണിയിച്ചു. വജ്രം കൊണ്ടുണ്ടാക്കിയ കർണ്ണാഭരണങ്ങൾ കൈയിലെടുത്തു സ്നേഹവായ്പോടെ പറഞ്ഞു.

“സഹോദരി, ഭവതിക്കു വേണ്ടി ഞാൻ പ്രത്യേകം ഉണ്ടാക്കിച്ച ആഭരണമാണിത്. എന്റെവക സമ്മാനം. എന്റെ ഓർമ്മയ്ക്കിതണിയണം. ഒരുപക്ഷേ, ഞാൻ ഭവതിയെക്കാ

ന്നുന്ന അവസാന ദിവസമായേക്കാം ഇന്ന്. സർവ്വശക്തനായ ദൈവത്തോടു അങ്ങനെ സംഭവിക്കണമേ എന്നു ഞാൻ പ്രാർത്ഥിക്കുന്നു."

എന്റെ കാതുകളിൽ അവ വെട്ടിത്തിളങ്ങി. ഞാൻ അവളുടെ മുഖത്തേയ്ക്കുനോക്കി. കണ്ണുനീർ ഒഴുകുന്നതാണ് ഞാൻ കണ്ടത്! മുഖം വാടിയിരിക്കുന്നു. ഞാൻ അന്ധാളിച്ചുപോയി. അവൾക്കെന്നോടുള്ള സ്നേഹത്തിന്റെ ആഴം!

ഒരു വേലക്കാരി കടന്നു വന്നു. അവൾ സുഭാഷിണിയുടെ മകനെയെടുത്തിട്ടുണ്ട്. അവൻ താഴെയിറങ്ങി. സുഭാഷിണി വേലക്കാരിയുടെ കൂടെ പോവുകയും ചെയ്തു.

ഞാൻ കുഞ്ഞിനെ മടിയിലിരുത്തി. ഓരോ കഥ കേട്ട് അവൻ ഉറങ്ങിപ്പോയി.

ഒരു ചിന്ത എന്നെ വിടാതെ പിടികൂടി. ഇതെന്റെ ഭർത്താവുതന്നെയാണ്. അതുകൊണ്ട് എന്റെ ഈ പ്രവൃത്തിയിൽ ഒരു ദോഷവുമില്ല. പക്ഷേ അതദ്ദേഹമറിയുന്നില്ലല്ലോ. പതിനൊന്നു വയസ്സുള്ളൊരു ബാലികയെയാണു വിവാഹവേദിയിൽവച്ചു അദ്ദേഹം കണ്ടിരുന്നത്. ഈ പ്രായത്തിൽ എന്നെ തിരിച്ചറിയാത്തതിൽ ഒരൽഭുതവുമില്ല. എനിക്കദ്ദേഹത്തെ തിരിച്ചറിയാൻ പ്രയാസവും തോന്നിയില്ല. എങ്കിലും അദ്ദേഹം എന്നെ പരസ്ത്രീയായല്ലാതെ ഗണിക്കുമോ?

സുഭാഷിണി തിരിച്ചുവന്നു. മുമ്പിലെത്തിയപ്പോൾ മാത്രമേ ഞാൻ അറിഞ്ഞുള്ളു. അവൾ ചോദിച്ചു:

"നിങ്ങൾ ഏതുവിധത്തിലാണ് അദ്ദേഹത്തെ വശപ്പെടുത്താൻ വിചാരിക്കുന്നത്?"

ഞാൻ ഒന്നും പറയാതേ നിന്നതേഉള്ളു. വാസനദ്രവ്യം തേച്ചു മടക്കിയ താംബുലം ഭർത്താവിന്റെ വായിൽവച്ചു കൊടുക്കുന്നതും നവകുസുമങ്ങൾ കൊണ്ടലങ്കരിച്ച താലവൃന്തമെടുത്തു പതുക്കെ വീശിക്കൊടുക്കുന്നതും മററും അവൾ വിവരിച്ചുതന്നു. അതിനിടയിൽ അവളുടെ കൺപീലികൾ നനഞ്ഞു. അവൾ എന്നെ മാറോടണച്ചു. ഞങ്ങൾ പരസ്പരം ചുംബിച്ചു; അന്യോന്യം മുഖം ചേർത്തുകൊണ്ടു വിങ്ങിവിങ്ങിക്കരഞ്ഞു. വിട്ടുപിരിയുന്നതിലുള്ള നിസ്സീമദുഃഖം!

# ഒൻപത്

"വിശറി കൊണ്ടുവാ"

"ഉടനെ ഡോക്ടരെ വിളിക്കു"

"തണുത്ത വെള്ളം"

"തളിച്ചോളു ഇനിയും കുറച്ചുകൂടി."

"ഇനി സാരമില്ല ഒരു മോഹാലസ്യമാണ്."

രമണബാബുവിൻെറ ഓഫീസ്മുറിയിൽ ഒരു ബഹളം. നാലഞ്ചാളുകളുടെ ശബ്ദമാണ്. ഞാൻ ശയനഗൃഹത്തിലിരുന്നു ചെവിവട്ടംപിടിച്ചു. ഹീര പാഞ്ഞെത്തി. അവരം ചിരിയടക്കാൻ പാടുപെടുന്നുണ്ടായിരുന്നു.

"കുമുദം, ഇവിടെ വന്നിട്ടുള്ള ആ യജമാനന്നു പെട്ടെന്നൊരു തളർച്ച. എല്ലാവരും പരിഭ്രമിച്ചുപോയി. ഇപ്പോഠം കുഴപ്പമൊന്നുമില്ല കൊച്ചെജമാനൻ നിർബന്ധിച്ചതുകൊണ്ട് ഇന്നു പോകുന്നില്ല. തെക്കുവശത്തുള്ള മുറിയിൽ കിടന്നു വിശ്രമിക്കുകയാണ്."

പൊട്ടിച്ചിരിച്ചുകൊണ്ടാണവരം അവിടം വിട്ടത്. പോകുമ്പോഠം ഇത്രകൂടി ചോദിച്ചു.

"നിനക്കു ശരീരത്തിനു അസുഖമൊന്നുമില്ലല്ലോ.?"

"അസുഖം. നിൻെറ തല!"

എൻെറ എഴുത്തനുസരിച്ചു ഇന്നത്തെ രാത്രി ഇവിടെ കഴിച്ചുകൂട്ടാൻ അദ്ദേഹം ഒരു തന്ത്രം പ്രയോഗിച്ചതാണെന്നു എനിക്ക് മനസ്സിലായി.

അർദ്ധരാത്രി. മത്തുപിടിപ്പിക്കുന്ന ഇലഞ്ഞിപ്പൂക്കളുടെ നറുമണം കാററിൽ അലിഞ്ഞൊഴുകി. പടർന്നുനില്ക്കുന്ന മാവുകളുടെ ഇലച്ചാർത്തിലൂടെ ഊർന്നിറങ്ങിയ നക്ഷത്രകിരണം ആ കുബേരഭവനത്തിന്റെ മുററത്തു കളിച്ചുകളിനടത്തി. ഹീര എന്നെയും കൂട്ടി വിശിഷ്ടാതിഥിയുടെ വിശ്രമശാലയിലേയ്ക്കു നടന്നു. ആ മുറിയുടെ വാതില്ക്കൽ ചെന്ന ഉടനെ അവാം ഓടിക്കളഞ്ഞു.

ഞാൻ മന്ദംമന്ദം അകത്തു കടന്നു. കാലൊച്ച കേൾപ്പിക്കാതെ അദ്ദേഹത്തിന്റെ അടുത്തു ചെന്നുനിന്നു. യുവതിയായതിനുശേഷം ആത്മവല്ലഭനെ തൊട്ടടുത്തു കൺമുമ്പിൽ കാണുന്നത് ഇതാദ്യമാണ്. ആലോചനയിൽ മുഴുകി തന്നിച്ചൊരു കട്ടിലിൽ കിടക്കുന്ന അദ്ദേഹം എന്നെ കണ്ടിരുന്നില്ല; എന്റെ സാമീപ്യം അറിഞ്ഞിരുന്നില്ല. ഞാൻ ഒച്ചയനക്കി അദ്ദേഹം ചാടിയെഴുന്നേററു. പലതുംപലതും ചോദിച്ചു. ലജ്ജകൊണ്ടും സന്തോഷംകൊണ്ടും എനിക്കൊരു മറുപടിയും പറയാൻ സാധിച്ചില്ല. അല്പം കഴിഞ്ഞപ്പോൾ എന്റെ തൊണ്ടയടഞ്ഞുപോകുമാറ് അദ്ദേഹം കഠിനമായി സംസാരിച്ചു.

എന്റെ ശരീരം വിറച്ചു. ഹൃദയം തുടിച്ചു. മുഖത്തു ഭയം നിഴലിച്ചു. കണ്ണുനീർ ധാരധാരയായി ഒഴുകിത്തുടങ്ങി; ഇതിന്റെയെല്ലാം ന്യായമായ കാരണം അദ്ദേഹം അറിയുന്നില്ലല്ലൊ.

“നിന്നോടിവിടെ വരാൻ ഞാൻ ആവശ്യപ്പെട്ടില്ല പിന്നെ നീ കരയുന്നതിന്റെ അർത്ഥം?”

ഈ വാക്കുകൾകൂടി കേട്ടപ്പോൾ എന്റെ കണ്ണുകൾ കണ്ണുനീർത്തടാകമായി. സത്യാവസ്ഥ ധരിപ്പിച്ചുതുടങ്ങുക തന്നെ ഞാൻ നിശ്ചയിച്ചു. പെട്ടെന്നൊരു സംശയം. ഞാൻ

പറയുന്നത് അദ്ദേഹം വിശ്വസിച്ചില്ലെങ്കിലെന്തുചെയ്യും? ഞാൻ ദീർഘമായി നിശ്വസിച്ചു; സാരിയുടെ അററംകൊണ്ടു കണ്ണുനീർ തുടച്ചു. അദ്ദേഹം കട്ടിലിൽ ഇരിക്കുകയാണ്; എൻെറ ഓരോ ചലനവും ശ്രദ്ധിച്ചുകൊണ്ട്, ഞാൻ എല്ലാം മനസ്സിലൊതുക്കി അദ്ദേഹത്തോടു സംസാരിക്കാനൊരുങ്ങി. ശരമാരിപോലുള്ള ചോദ്യങ്ങൾക്കു രണ്ടക്ഷരത്തിൽകവിഞ്ഞ ഒരു മറുപടിയും പറയാൻ കഴിഞ്ഞില്ല.

"അല്ല."

"ഇല്ല."

"അതെ."

ഈ പദങ്ങളിൽ സകലവും ഒതുങ്ങി. കുറേക്കഴിഞ്ഞു എനിക്കൽപ്പംകൂടി കരുത്തുകിട്ടി.

"നീ നിൻെറ സ്വദേശത്തുനിന്ന് ഇവിടെവന്നിട്ട് എത്ര ദിവസമായി?"

ആ ചോദ്യത്തിനു ഞാൻ അൽപം നീണ്ട മറുപടി തന്നെ നൽകി.

കരിങ്കുളം സംഭവം നടന്ന് ഏതാനും ദിവസങ്ങൾ കഴിഞ്ഞാണ് ഞാനിവിടെ എത്തിച്ചേർന്നത്. അങ്ങു പുനർവിവാഹം ചെയ്തുവെന്ന് ആരോ പറയുന്നതു കേട്ടു. നേരാണോ?"

"അങ്ങനെ പറഞ്ഞതാര്? ഇന്നുവരെയില്ല. ലോകർക്ക് ഇന്നതു പറയാമെന്നുണ്ടോ?"

എനിക്കദ്ദേഹത്തോട് ഇനിയും പലതും ചോദിച്ചറിയണമെന്നുണ്ടായിരുന്നു. എന്നാൽ അവയ്ക്കെല്ലാം അദ്ദേഹം മറുപടി പറയുമെന്നെന്താണൊരുറപ്പ്?

"നിന്നെപ്പോലെ സൌന്ദര്യവതിയായൊരു യുവതിയെ ഞാൻ ഇന്നുവരെ കണ്ടിട്ടില്ല." ആശ്ചര്യം കലർന്ന സ്വരത്തിൽ അദ്ദേഹം പറഞ്ഞു. ഞാൻ അതിനുമുമ്പു സംസാരിച്ചിടത്തുനിന്നുതന്നെ തുടങ്ങി.

"അങ്ങു മറ്റൊരു വിവാഹം ചെയ്തിരുന്നുവെങ്കിൽ കഷ്ടമായില്ലേ?യെന്നെ."

പ്രഥമവധു വന്നുചേരുമ്പോൾ അങ്ങയെ രണ്ടുപേർക്ക് ഭാഗിച്ചുവെയ്ക്കേണ്ടി വരുമായിരുന്നു."

"ഇല്ല. ഇനി അവൾ വന്നാൽ ഞാനവളെ സ്വീകരിക്കുകയില്ല."

ദൃഢവും വ്യക്തവുമായ ശബ്ദം!

"സ്വീകരിക്കുകയില്ല"–എന്റെ കാതുകളിൽ കിടന്നു മുഴങ്ങി.

ഞാൻ അദ്ദേഹത്തിന്റെ വധുവാണെന്നറിഞ്ഞാൽ എന്നെ അദ്ദേഹം കൈക്കൊള്ളുകയില്ലെന്ന കാര്യം തീർച്ചയായി. ഞാൻ ഇത്രകൂടി ചോദിച്ചു.

"ഇപ്പോൾ അവൾ ഈ മുറിയിൽ കയറിവന്നാൽ അങ്ങെന്തുചെയ്യും?"

"ആട്ടിയിറക്കി കതകുകളടയ്ക്കും." അങ്ങനെ പറയാൻ അദ്ദേഹത്തിന് ഒരു നിമിഷംപോലും ചിന്തിക്കേണ്ടിവന്നില്ല.

എന്റെ തലകറങ്ങി. അതോടൊപ്പം ഭൂമിയാകെ കറങ്ങി.

"ഞാൻ അദ്ദേഹത്തിന്റെ സഹധർമ്മിണിയാണെന്നറിഞ്ഞുകഴിയുമ്പോൾ, അദ്ദേഹം തന്നെ സ്വീകരിച്ചില്ലെങ്കിൽ, ഇല്ല, പിന്നെയൊരു നിമിഷം ഞാൻ ജീവിച്ചിരിക്കില്ല." ഞാൻ പ്രതിജ്ഞചെയ്തു.

അദ്ദേഹത്തിൻെറ അരികിൽനിന്ന് അകന്നുമാറി ഞാൻ ഒരിടത്തിരുന്നു. അദ്ദേഹം എന്നെ തൊട്ടു തൊട്ടില്ല എന്ന നിലയിൽ ചേർന്നുനിന്നു.

"ദയവുചെയ്ത് അൽപം മാറി നിൽക്കണേ!" മന്ദഹാസപൂർവം ഞാൻ പറഞ്ഞു. നീണ്ട തലമുടി അഴിച്ചുലച്ചു; സാവധാനം വാരിക്കെട്ടി.

എൻെറ കരിമിഴികളിലും ചെംചുണ്ടുകളിലും അഴിഞ്ഞുലഞ്ഞ തലമുടിയിലും അഴകാർന്ന കൈവിരലുകളിലും മാറിമാറി നോക്കിക്കൊണ്ട് അദ്ദേഹം അനങ്ങാതെ നിൽക്കുകയാണ്.

"ഞാൻ ഒരു സൈ്വരിണിയല്ല; കുലസ്ത്രീയാണ്. ഞാൻ വന്നിരിക്കുന്നത് എൻെറ നാട്ടിലെ വർത്തമാനങ്ങൾ അറിയാനാണ്; മറെറാരുദ്ദേശ്യവുമെനിക്കില്ല. അങ്ങു മറെറന്തെങ്കിലും ധരിച്ചുപോയെങ്കിൽ......ഞാനതു പറഞ്ഞുതീർന്നില്ല. അദ്ദേഹം എൻെറ അടുത്തുനിന്നു മാറി.

"അങ്ങ് ഒന്നും സംസാരിക്കാത്തതെന്ത്? എന്നാൽ ഞാൻ പോവുകയാണ്." എൻെറ സാരിയുടെ അററം ദേഹത്തിൽ തട്ടിച്ചുകൊണ്ടു ഞാൻ പുറത്തിറങ്ങി.

എൻെറ പെരുമാററവും സംസാരവും ആ മഹാനുഭാവന്നിഷ്ടമായി. എന്നെപ്പററി രമണബാബുവെ വരുത്തി അദ്ദേഹം പലതും അന്വേഷിച്ചു. കതകു മറഞ്ഞുനിൽക്കുന്ന എന്നെ കാണാതെയായിരുന്നു അവരുടെ സംഭാഷണം.

ഉപേന്ദ്രബാബു:—അങ്ങയുടെ ഭവനത്തിലെ ആ വേലക്കാരിയുടെ പേരെന്ത്?

രമണബാബു:—കുമുദം.

ഉപേന്ദ്രൻ:—അവളുടെ സ്വദേശം?

രമണൻ:—അതിപ്പോൾ പറഞ്ഞുകൂടാ.

ഉപേന്ദ്രൻ:—അവൾ വിവാഹിതയാണോ?

രമണൻ:—അതെ.

ഉപേന്ദ്രൻ:—ആരാണവളുടെ ഭർത്താവ്?

രമണൻ:—എനിക്കു നല്ലപോലെ അറിയാവുന്ന ഒരാൾ.

ഉപേന്ദ്രൻ:—നിങ്ങൾക്കറിയാമോ?

രമണൻ:—അറിയാം.

ഉപേന്ദ്രൻ:—ആരാണയാൾ?

രമണൻ:—അതും എനിക്കിപ്പോൾ പറഞ്ഞുകൂടാ.

ഉപേന്ദ്രൻ:—ഇതെല്ലാം അത്ര രഹസ്യമോ?

രമണൻ:—അതേ.

ഉപേന്ദ്രൻ:—ഇരിക്കട്ടെ. താങ്കളുടെ വീട്ടിൽ അവളെങ്ങനെ വന്നുചേർന്നു?

രമണൻ:—എൻെറ ഭാര്യ, അവളുടെ ഇളയമ്മയുടെ വീട്ടിൽ നിന്നു കൂട്ടിക്കൊണ്ടുവന്നതാണ്.

ഉപേന്ദ്രൻ:—താങ്കൾ ഇവളുടെ ജന്മദേശത്തിൻെറ പേർ പറയുന്നില്ല. ഭർത്താവിൻെറ സ്വദേശം ഏതെന്ന ചോദ്യത്തിന്നും മറുപടി നൽകുന്നില്ല. ഇരിക്കട്ടെ. ഞാൻ ഒരിക്കൽക്കൂടി ചോദിക്കാം. ഇവളുടെ ഭർത്താവിനെ താങ്കൾക്കറിയാമോ?

രമണൻ:—അറിയാമെന്നൊരു തവണ ഞാൻ പറഞ്ഞല്ലോ.

ഉപേന്ദ്രൻ:—അയാൾ ഇപ്പോൾ എവിടെ?

രമണൻ:—ഇവിടെ.

ഉപേന്ദ്രൻ:—ഇവിടെ?

രമണൻ:-ഈ ബംഗ്ളാവിൽ.

ഭർത്താവൊന്നു ഞെട്ടി.

"അതു താങ്കൾക്കെങ്ങനെയറിയാം?" ആശ്ചര്യത്തോടു കൂടിയ ചോദ്യം.

"അങ്ങയ്ക്കറിയേണ്ടതെല്ലാം അറിഞ്ഞുകഴിഞ്ഞുവോ?" എന്നൊരു മറുചോദ്യമായിരുന്നു രമണബാബു അതിന്നു നൽകിയ മറുപടി.

ഈ സമയത്താണ് എന്റെ പ്രിയതമന്ന് ഒരു കാര്യം ബോധ്യമായത്. തന്റെ വ്യവഹാരങ്ങൾ കൈകാര്യം ചെയ്യുന്ന വക്കീൽ അസാധാരണ ബുദ്ധിശാലിയാണ്. അദ്ദേഹത്തെ ചോദ്യം ചെയ്യാൻ പുറപ്പെട്ടാൽ താൻ പരാജയമടയുകയേ ഉള്ളൂ.

"കുമുദത്തെ സംബന്ധിച്ചു താങ്കൾക്കറിയാവുന്ന വസ്തുതകൾ ഒന്നു കുറിച്ചുതരാമോ?" അദ്ദേഹം സാവധാനം അന്വേഷിച്ചു.

രമണബാബു അതിന്നു മുടക്കം പറഞ്ഞില്ല. പക്ഷേ ഒരു വ്യവസ്ഥപ്പെട്ടു. ഇതായിരുന്നു അദ്ദേഹത്തിന്റെ വാക്കുകൾ. "ഞാൻ എല്ലാം എഴുതി ഒരു കവറിലാക്കി എന്റെ മുദ്ര പതിച്ചു കുമുദത്തെ ഏൽപിക്കാം. അങ്ങു കുമുദത്തെയും കൊണ്ട് സ്വന്തം ഭവനത്തിൽ ചെന്നതിനുശേഷമേ അതു വാങ്ങി പൊട്ടിക്കാവൂ. സമ്മതമെങ്കിൽ എഴുതിത്തരാം."

മനമില്ലാമനസ്സോടെയാണ് അദ്ദേഹമതു സമ്മതിച്ചത്. രമണബാബു പോയപ്പോൾ ഞാൻ അദ്ദേഹത്തിന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു.

"നീയിവിടെ...?" മുഴുമിച്ചില്ല; എന്നെ തുറിച്ചുനോക്കുക മാത്രം ചെയ്തു.

# പത്തു്

ആലോചനയിൽ ആണ്ടുപോയ അദ്ദേഹത്തിന് എന്നോടെന്തുപറയണമെന്നു നിശ്ചയമില്ലായിരുന്നു. എന്നെയും കൂടെ കൊണ്ടുപോകണമെന്നാണല്ലോ രമണബാബുവിന്റെ സൂചന. അതദ്ദേഹത്തിനും ഇഷ്ടംതന്നെ എന്നാൽ ഞാൻ അതിനു സന്നദ്ധയല്ലായിരുന്നു. ഒരന്യസ്ത്രീയെപ്പോലെ അദ്ദേഹത്തെ അനുഗമിക്കുകയോ? അതു ശരിയല്ല. അദ്ദേഹത്തിന്റെ വിഷമം മനസ്സിലാക്കിക്കൊണ്ടു ഞാൻ ചോദിച്ചു.

"എന്നെക്കൂടെ കൊണ്ടുപോകുന്നതു ശരി. എവിടെ മറച്ചുവയ്ക്കും? ഞാൻ ആരെന്നുചോദിച്ചാൽ എന്തു പറയും?"

"അതുതന്നെയാണ് ഞാനും ആലോചിച്ചുകൊണ്ടിരിക്കുന്നത്. കുമുദം ഞാനൊരു കപടം പറയാൻ തീരുമാനിച്ചിരിക്കുന്നു."

എന്റെ സ്വന്തം പേർ വെളിപ്പെടുത്താൻ ഏററവും ഉചിതമായ സന്ദർഭമാണതെന്ന് എനിക്കു തോന്നി. ഞാൻ പറഞ്ഞു.

"രമേശബാബുവിന്റെ വീട്ടിൽവച്ചു ഇന്ദിരയെ കണ്ടുവെന്നു പറയാനാണോ തീരുമാനിച്ചത്?"

ഇന്ദിര എന്നു കേട്ടപ്പോൾ അദ്ദേഹം ഞെട്ടിത്തെറിച്ചു എന്നെ അടിമുടി നോക്കിക്കൊണ്ടു ചോദിച്ചു.

"ആ പേര് നിനക്കെങ്ങനെ മനസ്സിലായി?"–ചോദ്യത്തിൽ ഭയം നിഴലിച്ചിരുന്നു. ഞാനൊരു മനുഷ്യസ്ത്രീയല്ലെന്നുപോലും അദ്ദേഹം ശങ്കിച്ചു.

"പറയാം. അതിനുമുമ്പായി എന്റെ ചോദ്യങ്ങൾക്കു മറുപടി പറയുമോ?"

"ചോദിച്ചോളു."

"അങ്ങയുടെ വധു വന്നുചേരുകയാണെങ്കിൽ ഇനി സ്വീകരിക്കുകയില്ലെന്ന് അങ്ങ് എന്നോട് പറഞ്ഞിരുന്നുവല്ലോ. അങ്ങനെയിരിക്കെ, എന്നെ ഇന്ദിരയെന്നുപറഞ്ഞുകൊണ്ടു ചെല്ലാൻ പാടുണ്ടോ?"

"ആ ഭയം എനിക്കില്ല. ഇന്ദിരയെ കൊള്ളക്കാർ അപഹരിച്ച വിവരം ഭോജ്പൂരിലെ ശിപായികൾ അന്നുതന്നെ എന്റെ വീട്ടുകാരെ അറിയിച്ചിരുന്നു. അവളുടെ മാതാപിതാക്കന്മാരെയും ധരിപ്പിച്ചിട്ടുണ്ട്."

"അതിനുശേഷം?"

"ഇക്കാര്യത്തിൽ മൗനം ദീക്ഷിക്കുന്നതാണ് നല്ലതെന്നായിരുന്നു ഇന്ദിരയുടെ പിതാവിന്റെ അഭിപ്രായം. തന്ത്രജ്ഞന്മാരും പരാക്രമികളുമായ കൊള്ളക്കാരുടെ സംഖ്യാബലം അത്രയ്ക്കുണ്ടായിരുന്നു. എന്റെ അഭിപ്രായം അതായിരുന്നില്ല. ഞാൻ കൊള്ളക്കാരെ ഒരു പാഠം പഠിപ്പിക്കണമെന്നു തീരുമാനിച്ചു. കുറേ യുവാക്കൻമാരുടെ സഹായത്തോടുകൂടി ഒററയെണ്ണത്തിനെ ഒഴിയാതെ പിടിച്ചു പോലീസിൽ ഏൽപിച്ചുകൊടുത്തു. വൃക്ഷത്തോടു ചേർത്തു വരിഞ്ഞുകെട്ടി ഇന്ദിരയെ അന്വേഷിച്ചപ്പോൾ അവർ സത്യം ചെയ്തു പറഞ്ഞു: 'ഞങ്ങൾ ഭയപ്പെടുത്തി ആടയാഭരണങ്ങൾ അവളെക്കൊണ്ടു തന്നെ അഴിപ്പിക്കുകയാണുണ്ടായത്. ഞങ്ങൾ അവളുടെ ദേഹം തൊട്ടിട്ടില്ല.'

എന്റെ മിഴികളിൽ ആനന്ദാശ്രുക്കൾ പ്രവഹിച്ചുതുടങ്ങി. ഞാൻ രോമാഞ്ചമണിഞ്ഞു. അദ്ദേഹം തുടർന്നു:

"കൊള്ളക്കാരെ അമർച്ച ചെയ്യാൻ സാധിച്ച സർക്കാർ, കരിങ്കുളം സ്ഥിതിചെയ്യുന്ന വനഭൂമി എനിക്കു ദാനമായി നൽകി. അതിനുശേഷം ഇന്ദിരയെ കണ്ടുപിടിക്കാൻ ഞാൻ ചെയ്ത പ്രവൃത്തികൾക്ക് അതിരില്ല. എന്നാൽ അതിൽ ഞാൻ പരാജയപ്പെട്ടുപോയി."

അതിന്നെൻെറ ഹൃദയമാണ് മറുപടി പറഞ്ഞത്.

"ഇല്ല. അതിലും അവിടുന്നു വിജയം വരിക്കും"

"ഇന്ദിരയുടെ ആഭരണങ്ങൾ എൻെറ മാതാപിതാക്കൻമാരുടെ അനുവാദത്തോടുകൂടി ഞാൻ അവളുടെ വീട്ടിൽ എത്തിച്ചുകൊടുത്തു. കരിങ്കുളം ഇന്നു നാട്ടുകാർക്കൊരു കടംകഥ മാത്രമാണ്; പേടിസ്വപ്നമല്ല."

"ഏതായാലും ഞാൻ അങ്ങയുടെ കൂടെ വരാം. അങ്ങയുടെ അമ്മയും അച്ഛനും ഇന്ദിരയെ ചെറുപ്രായത്തിൽ കണ്ടതല്ല ഉള്ളൂ? അതുകൊണ്ടു ഞാൻ ഇന്ദിരയാണെന്നു പറഞ്ഞാൽ അവർ ഒട്ടും സംശയിക്കാതെ വിശ്വസിച്ചുകൊള്ളും."

"അതുശരി എന്നാൽ സംസാരം കേട്ടുകഴിഞ്ഞാൽ ഇന്ദിരയല്ലെന്നും മനസ്സിലാക്കും."

"അതെങ്ങനെ?"

"അവർ ഇന്നു കാര്യമാണ് അന്വേഷിക്കുകയെന്നു പറയാനാവുമോ?"

"എല്ലാ സംഗതികളും അങ്ങ് എന്നെ പഠിപ്പിക്കണം എന്നാലോ?"

"അതു തന്നെയാണ് ഞാനും വിചാരിക്കുന്നത്."

"അങ്ങയ്ക്കൊരു കാര്യമുറപ്പിക്കാം. ഞാൻ തെററായി ഒന്നുംതന്നെ പറയുകയില്ല."

ഇതെല്ലാം കേട്ടപ്പോൾ ഞാനൊരു മനുഷ്യസ്ത്രീയല്ലെന്ന് അദ്ദേഹം സംശയിക്കുന്നതുപോലെ തോന്നി. ആ സൂക്ഷ്മമായ നോട്ടവും നിശ്ചേഷ്ടമായ ഇരിപ്പും ആകാരണമായ സംഭ്രമവും അതാണ് വ്യക്തമാക്കിയത്. ഒരു മായാവിനിയോടെന്നപോലെ അദ്ദേഹം ചോദിച്ചു.

"ഞാൻ ചോദിക്കുന്നതിന്നു നീ ശരിയായ മറുപടി പറയുമോ?"

"ചോദിച്ചുനോക്കൂ."

"എന്റെ ഭാര്യയുടെ പിതാവിന്റെ പേര്?"

"ഹരമോഹനദത്തൻ."

"അദ്ദേഹത്തിന്റെ സ്വദേശം?"

"മഹേശപുരം."

"നീയാര്?"

"ഞാനാരെന്നു പുറമെ മനസ്സിലാകും. മനുഷ്യസ്ത്രീയല്ലെന്നു ധരിച്ചോളൂ."

"നീ കരിങ്കുളത്തിനടുത്തു ജനിച്ചുവളർന്നവളാണ്. അതുകൊണ്ട് ഇതെല്ലാം അറിഞ്ഞിരിക്കും. ഇരിക്കട്ടെ. ഇതിനുത്തരം പറയൂ. ഹരമോഹനദത്തബാബുവിന്റെ മുൻവശത്തിൽ ഏതു ഭാഗത്താണ്?"

"തെക്കു ഭാഗത്ത്."

"അദ്ദേഹത്തിന് എത്ര ആൺമക്കളാണുള്ളത്? മൂന്നോ, നാലോ?"

"എന്നെ അങ്ങനെയൊന്നും കുടുക്കിൽ പെടുത്താനാവില്ല. അദ്ദേഹത്തിനു ഒരു പുത്രൻ മാത്രമേയുള്ളൂ."

"കുമാരമോഹനൻ എന്നു തന്നെയല്ലേ അവന്റെ പേര്?"

"അല്ല, വസന്തകുമാർ ആണ്?"

"അവനു എത്ര സഹോദരിമാരുണ്ട്?"

"രണ്ട്.

"അവരുടെ പേര്?"

"ഇന്ദിരയും കാമിനിയും."

"നീ മഹേശപുരത്തിൽ വേലക്കാരിയായി താമസിച്ചിരിക്കണം. അതുകൊണ്ടാണ് നിനക്കിതെല്ലാം അറിയാൻ കഴിഞ്ഞത്. ഞാൻ വേറൊരു കാര്യമന്വേഷിക്കാം. ഇന്ദിരയുടെ വിവാഹം എവിടെവച്ചാണ് നടത്തിയത്?"

"പൂജാമണ്ഡപത്തിന്റെ വടക്കുപടിഞ്ഞാറെ മൂലയിൽ വച്ച്.

"കന്യാദാനം ചെയ്തതു അവളുടെ പിതാവായിരുന്നില്ലേ?"

"അല്ല. ഇളയച്ഛനായിരുന്നു."

"ഇളയച്ഛന്റെ പേര്"

"കൃഷ്ണമോഹനദത്ത്"

"ഏതു മാസമായിരുന്നു വിവാഹം?"

"ഇടവമാസം"

"നീ വിവാഹദിവസം അവിടെ ഉണ്ടായിരിക്കണം. വേറൊരു കാര്യം ചോദിക്കാം. ഞാനും ഇന്ദിരയും മണിയറയിൽ തനിച്ചായപ്പോൾ അവളോട് ആദ്യമായി ചോദിച്ചതെന്തായിരുന്നു?"

ഉത്തരം പറയാൻ അൽപം താമസം നേരിട്ടു. അതോർത്തപ്പോൾ ഞാൻ കരഞ്ഞുപോയി.

"നീ മനുഷ്യ സ്ത്രീതന്നെ. എനിക്ക് മനസ്സിലായി." അദ്ദേഹം ഇടയിൽ പറഞ്ഞു. കണ്ണുനീർ തുടച്ചുകൊണ്ടാണ് ഞാൻ അതിനു മറുപടി പറഞ്ഞത്.

"ഇന്ദിരയോട് അവിടന്നു ചോദിച്ചത്, ഇന്നു മുതൽ നാം തമ്മിലുള്ള ബന്ധമെന്ത് എന്നായിരുന്നു. ഈ നിമിഷം മുതൽ അവിടന്നെൻെറ പ്രാണനാഥൻ; ഞാൻ അവിടുത്തെ പാദദാസി—ഇതായിരുന്നു അവളുടെ മറുപടി."

"നിന്നോടു ചോദ്യംചോദിക്കാൻ എനിക്കു ഭയമാകുന്നു ഇരിക്കട്ടെ. മുഹൂർത്ത സമയത്തു ഞാനും ഇന്ദിരയും ഒരു മുറിയിൽ തനിയെ ഇരുന്നപ്പോൾ അവൾ എന്നെ കളിയാക്കിയതിനു ഞാനൊരു ശിക്ഷ നൽകിയിരുന്നു. അതു പറയാനാവുമോ?

"അങ്ങ് അവളുടെ കവിളിൽ വളരെ പതുക്കെ ഒന്നു നുള്ളി." അതു കൂടി കേട്ടപ്പോൾ അദ്ദേഹം ഉരിയാടാതായി. ഒടുവിൽ ആത്മഗതമെന്നോണം മന്ത്രിച്ചു.

"ഇവൾ ഇന്ദിരതന്നെയോ?"

"അങ്ങിപ്പോൾ വിരുദ്ധവികാരങ്ങൾക്കിടയിൽക്കിടന്നു കുഴങ്ങുകയാണെന്നു ഞാൻ മനസ്സിലാക്കുന്നു. മഹേശപുരത്തിൽ അങ്ങയുടെ ശ്വശുരൻെറ വസതിക്കുവടക്കുഭാഗത്തായി ഒരു ദേവിക്ഷേത്രമുണ്ട്. അവിടെ ചെന്നാൽ എൻെറ സത്യസ്ഥിതി അങ്ങയ്ക്കു ബോധ്യമാവും; മായാവിനി എന്നപേരിൽ ജനങ്ങൾക്കറിയാവുന്ന വിദ്യാധരിയാണ് ഞാനെന്ന പരമാർത്ഥം."

"അടുത്തദിവസം പുറപ്പെടാം. ഇന്ദിരാപുരം വരെ ഞാനും വരാം. അവിടംമുതൽ നീ ഏതാനും സ്ത്രീപുരുഷന്മാരുടെ അകമ്പടിയോടുകൂടി വേണം പോകാൻ. ഞാൻ

സ്വദേശത്തേയ്ക്കു തിരിക്കുകയും ചെയ്യാം. നീ ഇന്ദിരയോ കുമുദമോ വിദ്യാധരിയോ എന്നിനി ചോദ്യമില്ല. നീയില്ലാത്തൊരു ജീവിതം എനിക്ക് സങ്കൽപ്പിക്കാൻപോലും സാദ്ധ്യമല്ല. ഒരു പക്ഷേ രണ്ടുദിവസം കഴിഞ്ഞു ഞാനങ്ങോട്ടു പുറപ്പെട്ടുവെന്നും വരാം."

കരിങ്കുളം പ്രദേശത്തിനു എന്റെ ഭർത്താവു നൽകിയ പേര് എന്നെ രോമാഞ്ചമണിയിച്ചു—ഇന്ദിരാപുരം!

വേറൊരു ദിവസം അദ്ദേഹത്തെ കാണാനായി രമണബാബു വന്നു. സുഭാഷിണി കൊടുത്തയച്ച ഒരു കത്ത് എന്നെ ഏൽപിച്ചുകൊണ്ട്, ഞാനെന്താണ് മറുപടി പറയേണ്ടതെന്നന്വേഷിച്ചു. "ഞാൻ അടുത്ത ദിവസം മഹേശപുരത്തു ചെന്നു ചേരാൻ വേണ്ട ഒരുക്കങ്ങൾ ചെയ്തു കഴിഞ്ഞു. അവിടെ ചെന്നാൽ മാത്രമേ എനിക്കു ശാപമോചനം ലഭിക്കുകയുള്ളു. അങ്ങിത്രമാത്രം അറിയിച്ചാൽ മതി" എന്നു ഞാൻ പറഞ്ഞയച്ചു.

അതുകേട്ട എന്റെ ഭർത്താവ് ഈ ശാപകാര്യങ്ങളെല്ലാം താങ്കൾക്കുമറിയാമോ എന്നു രമണബാബുവോടു ചോദിച്ചു.

"അറിയാം. എന്റെ ഭാര്യയ്ക്കാണു കൂടുതലറിയുക." ചിരിയടക്കി കൂടുതൽ സംസാരിക്കാതെ രമണബാബു ഇറങ്ങിപ്പോയി.

# പതിനൊന്ന്

അടുത്ത ദിവസം സൂര്യനുദിച്ചു. മനസ്സിലെ സംശയങ്ങൾ അകലുന്നതുപോലെ ഇരുട്ടു വിട്ടുമാറി. അദ്ദേഹം കാവൽക്കാരോടുകൂടി എന്നെ മഹേശപുരത്തിലേയ്ക്കയച്ചു. കരിങ്കുളം കഴിഞ്ഞപ്പോൾ ഞാൻ അവരെ ഒരു വഴിയമ്പലത്തിൽ പാർപ്പിച്ചു; തനിച്ചു വീട്ടിൽ ചെന്നുകയറി. തളത്തിൽ ചക്രംപടിഞ്ഞിരിക്കുന്ന പിതാവിന്റെ മുമ്പിൽ ഞാൻ സാഷ്ടാംഗപ്രണാമം ചെയ്തു.

"മകളേ, എന്റെ മകളേ!" ആ വിളി അടുക്കളയിൽ അമ്മയുടെ കാതുകളിൽ ചെന്നുപതിച്ചു. പഠനമുറിയിൽ വസന്തകുമാരന്റെ കർണ്ണങ്ങൾ തുളച്ചുകയറി. തൊഴുത്തിനരികിൽ വേലക്കാരോടെന്തോ പറഞ്ഞുനിൽക്കുന്ന കാമിനിയുടെ ചെവികളിൽ കടന്നുചെന്നു. അമ്മ, സഹോദരൻ, അനുജത്തി, വേലക്കാർ—എല്ലാവരും പലവഴിക്ക് ഓടിയെത്തി. സകലരുടെയും കണ്ണുകൾ നിറഞ്ഞു—സന്തോഷംകൊണ്ട്; സംതൃപ്തികൊണ്ട്.

അവർക്കറിയേണ്ടത് ഇത്രയുംനാൾ ഞാനെവിടെയായിരുന്നുവെന്നാണ്. ഞാൻ പറഞ്ഞുകേൾപ്പിച്ചതു ഭർത്താവിനെ കണ്ടതുമുതലുള്ള വസ്തുതകൾ മാത്രമായിരുന്നു. അമ്മയച്ഛന്മാർ കേൾക്കെ ഞാൻ പറഞ്ഞു.

"അദ്ദേഹം രണ്ടു ദിവസത്തിനിടയിൽ ഇങ്ങോട്ടുവരാമെന്നുപറഞ്ഞിട്ടുണ്ട്."

കളഞ്ഞുകിട്ടിയ തങ്കത്തെ താലോലിക്കാൻ അവർക്കുനേരമില്ലാതായി. ഞാൻ പറഞ്ഞതുപാതി, അവർ കേട്ടതുപാതി, അദ്ദേഹത്തെ സ്വീകരിക്കാനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു.

സായിപ്പന്മാരായ ഉദ്യോഗസ്ഥന്മാരെപ്പോലും തൃപ്തിപ്പെടുത്തി അൽപകാലംകൊണ്ടു മഹാധനികനായിത്തീർന്ന പ്രിയതമനു വരവേല്പിനുള്ള സന്നാഹങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

പിറേറന്നു അദ്ദേഹം എന്റെ ഗൃഹത്തിൽ സമാഗതനായി. കൂടെ സത്രത്തിൽതങ്ങിയ അകമ്പടിക്കാരുമുണ്ട്. സകലരും സന്തോഷസമുദ്രത്തിൽ നീന്തിത്തുടിച്ചു. കുസൃതിക്കാരിയായ കാമിനി എന്റെ പ്രാണനാഥനെ കുത്തുവാക്കുകൾകൊണ്ടു നേംവിച്ചു. ഞാൻ അവളോടുമാത്രം എന്റെ എല്ലാ കഥകളും വിസ്തരിച്ചു പറഞ്ഞിരുന്നു.

അദ്ദേഹം എന്നോടുപറഞ്ഞു.

"ഇന്ദിരേ, നമ്മുടെ ഈ സമാഗമം ഇത്രയും സുഗമമായത് രമണബാബുവിന്റെയും അദ്ദേഹത്തിന്റെ സഹധർമ്മിണിയുടെയും സന്മനോഭാവംകൊണ്ടു മാത്രമാണ്. ആ പാവനദമ്പതികളുടെ അനുഗ്രഹാശിസ്സുകൾക്കായി നാമുടനെ പുറപ്പെടണം."

കേൾക്കേണ്ടതാമസം ഞാനും അതേററുപറഞ്ഞു.

പരിശുദ്ധഹൃദയയും ഉദാരശീലയും സ്നേഹസമ്പന്നയുമായ സുഭാഷിണിയെ കാണാൻ എന്റെ കണ്ണുകൾ ഉഴറി.

ഞങ്ങൾ അവിടെചെന്നപ്പോൾ സുഭാഷിണിയും അവളുടെ പരിചാരികമാരും രാജോചിതമായ നിലയിൽ സ്വീകരിച്ചു. രമണബാബുവിന്റെ അമ്മയ്ക്ക് എന്നോടു നീരസമായിരുന്നു. തന്റെ മകനു തൃപ്തികരമായ ആഹാരം ലഭിക്കുന്നില്ലെന്നായിരുന്നു അവരുടെ പരാതി. ഞങ്ങൾ അവിടെ നിന്നു തിരിച്ചുപോരുന്നതുവരെ അവിടുത്തെ ഭക്ഷണംപാകം ചെയ്തതു ഞാൻ തന്നെയായിരുന്നു. ഉരുളക്കിഴങ്ങു കറി ഉണ്ടാക്കാൻ ഞാൻ മറന്നിരുന്നില്ല. രമണബാബുവും അദ്ദേഹത്തിന്റെ പിതാവും എന്റെ ഭർത്താവും ആ കറികണ്ടപ്പോൾ എന്നെ മാറി മാറി നോക്കി.

---

6783

MUNAVIRUL ISLAM HIGH SCHOOL,
Date
ERNAKULAM

---

PRINTED AT
PRESS RAMSES, TRIVANDRUM.